OASIS
NEWS BULLETIN മരുപ്പച്ച
Older Adults Sharing In Service
STATE BANK OF INDIA PENSIONERS' ASSOCIATION (KERALA) KOTTAYAM DISTRICT CENTRE
Vol. VI Book. 04 Regd. No. ER/450/2001 1199 മീനം-മേടം ഏപ്രിൽ Date: 30.04.2024

## പത്രാധിപക്കുറിപ്പ്



# ഏപ്രിൽ 7
# ലോകാരോഗ്യദിനം

ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിനും ആരോഗ്യവും ആരോഗ്യപരിപാലന സൗകര്യങ്ങളും എല്ലാവർക്കും പ്രാപ്യമാക്കാനുമാണ് എല്ലാ വർഷവും ലോകാരോഗ്യ ദിനം ആചരിക്കുന്നത്. **'എന്റെ ആരോഗ്യം, എന്റെ അവകാശം'** എന്നതാണ് ഇത്തവണത്തെ ലോകാരോഗ്യദിന സന്ദേശം. ഗുണനിലവാരമുള്ള ആരോഗ്യ സേവനങ്ങൾ , വിദ്യാഭ്യാസം, സുര ക്ഷിതമായ കുടിവെള്ളം, ശുദ്ധവായു, പോഷകാഹാരം എന്നിവ എല്ലാവർക്കും ലഭ്യമാകണമെന്ന ഉദ്ദേശത്തോടെയാണ് ലോകാരോഗ്യ സംഘടന ഈ പ്രമേയം തിരഞ്ഞെടുത്തത്.




ഇന്ത്യയിൽ ജനസംഖ്യ, സാമൂഹിക-സാമ്പത്തിക അസമത്വങ്ങൾ, സങ്കീർണമായ ആരോഗ്യ സംരക്ഷണങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് ആരോഗ്യ പ്രശ്നങ്ങൾ ബന്ധപ്പെട്ടു കിടക്കുന്നത്.

## ഇന്ത്യയിലെ ഏറ്റവും അപകടകരമായ ആരോഗ്യ പ്രശ്നങ്ങൾ

ഇന്ത്യയിൽ ഏറ്റവും അധികം ആളുകൾ മരിക്കുന്നതും രോഗാവസ്ഥയിലാകുന്നതും അർബ്ബുദം, പ്രമേഹം, ഹൃദ്രോഗം, ഹൃദയസ്തംഭനം, ശ്വാസകോശ രോഗങ്ങൾ തുടങ്ങിയ മാരകരോഗങ്ങൾ കൊണ്ടാണ്. 380 ലക്ഷത്തിലേറെ ജനങ്ങളാണ് ഓരോ വർഷവും ഇന്ത്യയിൽ മരണമടയുന്നത്. അനാരോഗ്യകരമായ ഭക്ഷണക്രമം, പുകയില ഉപയോഗം, അമിത മദ്യപാനം തുടങ്ങിയ ജീവിതശൈലി ഘടകങ്ങളുമായാണ് ഇവ പ്രധാനമായും ബന്ധപ്പെട്ടിരിക്കുന്നത്. ഇത്തരം സാംക്രമികേതര രോഗങ്ങളുടെ വ്യാപനം ഇന്ത്യയുടെ ആരോഗ്യ പരിരക്ഷാ സംവിധാനത്തിലും സമ്പദ്‌വ്യവസ്ഥയിലും ഇടിവുണ്ടാക്കുന്നുണ്ട്.



വായു മലിനീകരണം

വായു, ജലം, മണ്ണ് എന്നിവ ഉൾപ്പെടെയുള്ള പരിസ്ഥിതി മലിനീകരണം ഇന്ത്യയിലെ പൊതുജനാരോഗ്യത്തിന് കാര്യമായ ഭീഷണി ഉയർത്തുന്നുണ്ട്. വ്യാവസായിക വൽക്കരണം, നഗരവൽക്കരണം, ജനസംഖ്യാ വളർച്ച എന്നിവ മലിനീകരണത്തിന്റെ അളവു കൂട്ടി. പ്രകൃതി വിഭവങ്ങൾ മലിനമാക്കുക മാത്രമല്ല, നിരവധി ആരോഗ്യ പ്രശ്നങ്ങളിലേക്കും ഇതു നയിക്കുന്നു. വായു മലിനീകരണം-ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ, ഹൃദയ സംബന്ധമായ തകരാറുകൾ, മറ്റ് ആരോഗ്യ പ്രശ്നങ്ങൾ

എന്നിവയ്ക്ക് കാരണമാകുന്നു. ജലമലിനീകരണവും ശുചിത്വമില്ലായ്മയും ജലജന്യരോഗങ്ങളായ കോളറ, ടൈഫോയ്ഡ്, വയറിളക്കരോഗങ്ങൾ എന്നിവയുടെ വ്യാപനത്തിനും കാരണമാകുന്നു.

ലോകജനസംഖ്യയുടെ 30 ശതമാനം ആളുകൾക്ക് ഇന്നും അനിവാര്യമായ ആരോഗ്യ സേവനങ്ങൾ അനുഭവിക്കാൻ കഴിയുന്നില്ല. ഇരുന്നൂറ് കോടിയോളം ആളുകൾ ആരോഗ്യ ചെലവ് വഹിക്കാൻ കഴിയാത്ത വിധം ദാരിദ്ര്യം നേരിടുന്നുണ്ട്. ലോകമെമ്പാടുമുള്ള ഏകദേശം 930 ദശലക്ഷം ആളുകൾ അവരുടെ കുടുബ ബജറ്റിന്റെ 10 ശതമാനമോ അതിലധികമോ വ്യക്തിഗത ആരോഗ്യ പരിപാലനത്തിനായി ചെലവഴിക്കേണ്ടി വരുമ്പോൾ കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത തകിടം മറിയുകയാണ്. വികസിത രാജ്യങ്ങളിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ വഴി ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തണം.




2030 ഓടെ 60 ദശലക്ഷം ജീവൻ രക്ഷിക്കാനും ശരാശരി ആയുർദൈർഘ്യം 3.7 വർഷം വർദ്ധിപ്പിക്കാനും കഴിയുമെന്നാണ് ഡബ്ല്യു.എച്ച്.ഒ കരുതുന്നത്. ലോക ജനതക്ക് മെച്ചപ്പട്ട ആരോഗ്യം യാഥാർത്ഥ്യമാക്കുന്നതിന് ഈ പ്രവ്രർത്തനങ്ങൾക്ക് കഴിയുമെന്ന് ഈ പദ്ധതികൾ അടിവരയിടുന്നു.




**‘വിഷു’ മലയാളത്തിന്റെ പുതുവൽസരപ്പിറവിയാണ്. മലയാള വർഷാരംഭമായ മേടം ഒന്നാം തിയതി** വർഷാരംഭമായി കേരളത്തിൽ ആചരിക്കുന്നത് കൊല്ല വർഷാരംഭത്തോടെ ആയിരിക്കണം. കണിയും കൈനീട്ടവും മനസിൽ നിറഞ്ഞു നിൽക്കുന്ന ഉത്സവമാണ് വിഷു. സൗന്ദര്യത്തിന്റേയും സമ്പൽസമൃദ്ധിയുടേയും സന്തോഷത്തിന്റേയും സന്ദേശവുമായാണ് ഓരോ വിഷൂവും വന്നെത്തുന്നത്. നാടെങ്ങും പൂത്തുലഞ്ഞ് സ്വർണ്ണവർണ്ണം ചാർത്തി നിൽക്കുന്ന കണിക്കൊന്നയും ‘‘വിത്തും കൈക്കോട്ടും’’ എന്ന് വിളംബരം ചെയ്ത് വിഷുപ്പക്ഷിയും പുതിയൊരു കാർഷിക വർഷത്തിന് നാന്ദി കുറിച്ച് വേനൽ മഴയും വിഷുക്കാലത്ത് വന്നണയുകയായി.. മനുഷ്യന് പ്രകൃതി യോടുണ്ടായിരുന്ന ആഴമേറിയ ബന്ധത്തെയും കാർഷിക സംസ്കാര ത്തെയുമാണ് വിഷു വിളിച്ചറിയിക്കുന്നത്. ഓണം വിളവെടുപ്പുത്സവമാണെങ്കിൽ വിഷു വിത്തിറക്കുന്ന ഉത്സവമാണ്.

കാലപ്രവാഹത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് ഇന്ന് എല്ലാം മാറിക്കൊണ്ടേയിരിക്കുന്നു. ഒപ്പം വിഷുവിന്റെ രൂപഭാവങ്ങളിലും മാറ്റങ്ങൾ വന്നു. എങ്കിലൂം മലയാളിക്ക് ഗൃഹാതുരത്വമുണർത്തുന്ന ഉത്സവം തന്നെയാണിന്നും വിഷു.




## അംബേദ്കർ സ്മരണയിൽ രാജ്യം...

ഭരണഘടനാ ശിൽപി ഡോ. ബി.ആർ.അംബേദ്കറുടെ 125 അടി ഉയരമുള്ള പ്രതിമ തെലങ്കാന മുഖ്യമന്ത്രി കെ.ചന്ദ്രശേഖരറാവു അനാവരണം ചെയ്തു. സെക്രട്ടേറിയറ്റിനു സമീപം സ്ഥാപിച്ച പ്രതിമയിൽ ഹെലികോപ്റ്ററിൽനിന്ന് പുഷ്പവൃഷ്ടി നടത്തി. രാജ്യമെമ്പാടും 132–ാം ഭീം ജയന്തി ആഘോഷിച്ചു.

ബഹുമുഖ പ്രതിഭയും പൗരാവകാശ പ്രവർത്തകനുമായ ബി.ആർ. അംബേദ്കറുടെ സ്മരണയ്ക്കായി ഏപ്രിൽ 14- നു ആചരിക്കുന്ന വാർഷിക ഉത്സവമാണ് അംബേദ്കർ ജയന്തി അല്ലെങ്കിൽ ഭീം ജയന്തി. 1891 ഏപ്രിൽ 14-ന് ജനിച്ച ഡോ. ബാബാസാഹെബ് അംബേദ്കറുടെ ജന്മദിനമാണ് ഭീം ജയന്തി.



ഹൈദരാബാദിൽ പുതിയ സെക്രട്ടേറിയറ്റ് കെട്ടിടത്തിനു സമീപത്തെ 125 അടി ഉയരമുള്ള അംബേദ്കർ പ്രതിമ

അംബേദ്കറുടെ ജന്മദിനം. 2015 മുതൽ ഇത് ഇന്ത്യയിലുടനീളം ഔദ്യോഗിക പൊതു അവധിയായി ആചരിച്ചു വരുന്നു. അംബേദ്കർ തന്റെ ജീവിതകാലം മുഴുവൻ സമത്വത്തിന് വേണ്ടി പോരാടി. അതിനാൽ അദ്ദേഹത്തിന്റെ ജന്മദിനം ഇന്ത്യയിൽ 'സമത്വ ദിനം' ആയി ആഘോഷിക്കുന്നു. ഈ ദിവസം 'അന്താരാഷ്ട്ര സമത്വദിനം' ആയി പ്രഖ്യാപിക്കണമെന്ന ആവശ്യം ഐക്യരാഷ്ട്രസഭ അംഗീകരിച്ചു അംബേദ്കർ ജയന്തി ഇന്ത്യയിൽ മാത്രമല്ല, ലോകമെ മ്പാടും ആഘോഷിക്കപ്പെടുന്നു

## വാളല്ലെൻ സമരായുധം ....

അവകാശലംഘനങ്ങളെന്ന് തിരിച്ചറിയാതെ അരാചകത്വങ്ങൾക്ക് ജീവിതം അടിയറവുവെച്ചൊരു മഹാജനതയുടെ അവസ്ഥകൾ സമാനതകൾക്കപ്പുറമെന്ന തിരിച്ചറിവിലാവണം അദ്ദേഹം സാമൂഹിവും രാഷ്ട്രീയവുമായ കടുംപിടുത്തങ്ങളോട് സന്ധിയില്ലാ സമരത്തിലേർപ്പെടാൻ തീരുമാനിക്കുന്നത്.

വാളല്ലെൻ സമരായുധം അംബേദ്കറും അതുതന്നെ പറഞ്ഞു. വിമോചനം അറിവിലൂടെയെന്ന് വിദ്യാഭ്യാസത്തിലൂടെയും സ്വയം നവീകരണത്തിലൂടെയുമെന്ന് തുല്യനീതിയ്ക്കുവേണ്ട ഇടപെടലുകൾ എങ്ങനെയാവണമെന്നതിനുള്ള കാലോചിതമായ മാതൃകകൾ അദ്ദേഹം കാണിച്ചുകൊടുത്തു. രാഷ്ട്രീയസമത്വത്തിന്റെ സമവാക്യങ്ങളിൽ സാമൂഹികവും സാമ്പത്തികവുമായ സമത്വങ്ങൾ കൂടി ഉൾച്ചേർന്നിരിക്കുന്നുവെന്ന് ഉദ്ബോധനം നടത്തി. എന്നിട്ടും ബാബാസാഹബിന്റെ വിമോചന സമരപാത ഇപ്പോഴും ലക്ഷ്യമെത്താതെ നീളുന്നതെന്തു കൊണ്ടാണ്?.

ചാവ്ദാർ തലാബ് (പൊതു കുടിവെള്ള ലഭ്യത) കാളാറാം ക്ഷേത്രം (ക്ഷേത്രപ്രവേശനാവകാശം), സ്വതന്ത്ര ലേബർ പാർട്ടി രൂപീകരണം തുടങ്ങിയ പ്രസ്ഥാനങ്ങളിലൂടെ ബി ആർ അംബേദ്കർ നടത്തിയ നിരന്തര സമരങ്ങ ളിലൂടെയാണ് ദളിതർ സാമൂഹിക സമത്വത്തിനും സാമ്പ ത്തിക നീതിക്കും വേണ്ടി പോരാട്ടങ്ങൾ നടത്തിയത്. വിദ്യാഭ്യാസം, തൊഴിൽ, തിരഞ്ഞെടുപ്പ് എന്നീ മേഖലയിൽ സംവരണം നേടിയെടുക്കാൻ ദളിതർക്ക് സാധിച്ചതും ഈ പോരാട്ടങ്ങളുടെ ഫലമാണ്. നിർഭാഗ്യവശാൽ ദളിത് ജീവിതത്തെ സ്വാധീനിക്കാൻ ശേഷിയുണ്ടായിരുന്ന ഈ നടപടിക്രമങ്ങൾ നാമമാത്രമായത് കൊണ്ടാണ് അവർ ഇന്നും ദുരിതം അനുഭവിക്കാൻ വിധിക്കപ്പെട്ടത്

## ഇപ്പോഴും ലക്ഷ്യമെത്താതെ....

കാലാകാലങ്ങളിൽ ഭാരതത്തിൽ അങ്ങിങ്ങായി ഉയർന്നു വന്ന ദളിത് സമരങ്ങളും മുന്നേറ്റങ്ങളും എത്രത്തോളം ഫലവത്തായി എന്നൊരവലോകനം നടത്തിയാൽ, അവയുടെ അമ്പരപ്പിക്കുന്ന അപൂർണത കാണാൻ കഴിയും. ചെറിയ കൂട്ടങ്ങളിൽ നിന്ന് പകർന്നു വരുന്ന ചില തീത്തുണ്ടുകളുണ്ട്. സമത്വത്തിന്റെ അംബേദ്കറൈറ്റ് ഭൂമികയിലേയ്ക്ക്. വഴിതെളിയ്ക്കുന്ന തീപ്പന്തങ്ങളായി അവമാറുമെന്ന് കരുതുമെങ്കിലും, ഏറെയും അകാലത്തിൽത്തന്നെ കെട്ടുപോവുകയാണ് പതിവ്. ഉദാ: കൻഷിറാം/മായാവതി കാലം.

ചിന്തയുടെയും വിവേകത്തിന്റെയും ആ തീ പകർന്നെടുക്കാൻ കഴിയാത്തവിധം സമൂഹത്തിന്റെ പാളികളിൽ അദൃശ്യമായ വിടവുകളുള്ളതുകൊണ്ടാണ്, ഒരു നവോത്ഥാനത്തിനായി പടർന്നു പിടിക്കുവാനാകാതെ അവ കെട്ടുപോകുന്നത്. വീണ്ടും പറയാം, വളരെ സിസ്റ്റമിക് ആയിട്ടുള്ള പൊതുബോധത്തിന്റെ പരുവപ്പെടുത്തലാണ് ഇതിന് കാരണം. ആ വിടവുകൾ മനഃപൂർവം ഉണ്ടാക്കിയെടുത്ത പ്രതിരോധങ്ങളെന്ന് പറയാം. അംബേദ്കർ മുന്നോട്ട് നടന്ന അത്രയും തന്നെ ദൂരം ഇന്നത്തെ സമൂഹം പിന്നോക്കം നടക്കുകയാണ്. അത്രയും ഗോപ്യമായി മനസ്സുകൊണ്ടും ആശയങ്ങൾ കൊണ്ടും.......

# കാസർഗോഡ് ജില്ലാ ജനറൽബോഡി യോഗം

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസോസിയേഷൻ കാസർഗോഡ് ജില്ലാ ജനറൽബോഡി യോഗം കാഞ്ഞങ്ങാട് സൂര്യവംശം റെസിഡൻസിയിൽ സംഘടിപ്പിച്ചു. ജില്ലാ പ്രസിഡന്റ് പി.വി. രവിന്ദ്രൻ നായരുടെ അദ്ധ്യക്ഷതയിൽ യോഗ നടപടികൾ മൗന പ്രാർത്ഥനയോടു കൂടി ആരംഭിച്ചു.




യോഗത്തിൽ സംസ്ഥാന വൈസ് പ്രസിഡന്റ് ജോസ് മർസിലിൻ മുഖ്യ അതിഥിയായിരുന്നു. ജില്ലാ വൈസ് പ്രസിഡന്റ് കൃഷ്ണൻ പത്താനത്ത് സ്വാഗതം ആശംസിച്ചു. സംസ്ഥാന വൈസ്പ്രസിഡന്റ് ജോസ് മർസിലിൻ യോഗം ഉദ്ഘാടനം ചെയതു



ജില്ലാ സെക്രട്ടറി എം.വിജയൻ




കാസർകോട് ജില്ലാ ജനറൽ ബോഡി യോഗം
സംസ്ഥാന വൈസ് പ്രസിഡന്റ് ജോസ് മർസിലിൻ ഉത്ഘാടനം ചെയ്തു സംസാരിക്കുന്നു

കഴിഞ്ഞ യോഗത്തിന ശേഷം നിര്യാതനായ ഇ.പി. ജേക്കബ്ബിന് ചടങ്ങിൽ ആദരാഞ്ജലികൾ അർപ്പിച്ചു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ മുൻ ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ കെ.വി.ഹരിദാസിനെ ചടങ്ങിൽ ആദരിച്ചു. പുതിയ അംഗങ്ങളെ സദസ്സിന് പരിചയപ്പെടുത്തി. ഡെപ്യൂട്ടി ജനറൽ സെക്രട്ടറി എ.രാഘവൻ മുഖ്യ പ്രഭാഷണം നടത്തി.



ഡെപ്യൂട്ടി ജനറൽ സെക്രട്ടറി എ.രാഘവൻ

എ.ജി.എസ്. ടി.സേതുമാധവൻ നായർ ആശംസകൾ നേർന്നു. ജില്ലാ സെക്രട്ടറി എം.വിജയൻ കഴിഞ്ഞ യോഗത്തിന്റെ മിനട്സ് അവതരിപ്പിച്ചു . . ജില്ലാ ട്രഷറർ കെ.വി.. കൃഷ്ണൻ വരവ് ചെലവ് കണക്ക് അവതരിപ്പിച്ചു. തുടർന്ന് റിപ്പോർട്ട്, കണക്ക് എന്നിവ യോഗം അംഗീകരിച്ചു.



കാസർകോട് ജില്ലാ സമ്മേളനത്തിൽ പങ്കെടുത്ത അംഗങ്ങളുടെ ഒരു ദൃശ്യം

ജോയിന്റ് സെക്രട്ടറി എം. കൃഷ്ണൻ കൃതഞ്ജത പ്രകാശിപ്പിച്ചു. 2 മണിയോടെ യോഗം പര്യവസാനിച്ചു.

# കോഴിക്കോട് ഫാമിലി പെന്‌ഷനേഴ്സ് മീറ്റ്

2024 ഏപ്രിൽ 23 ചൊവ്വാഴ്ച രാവിലെ 10 .30 മണിക്ക് എസ് ബി ഐ പെന്‌ഷനേഴ്സ് അസോസിയേഷൻ കേരള കോഴിക്കോട് ഓഫീസിൽ വെച്ച് ഫാമിലി പെന്‌ഷനേഴ്സ് മീറ്റ നടത്തി. ജില്ലാ പ്രസിഡന്റ് ടി ബാലഗോപാല മേനോൻ അദ്ധ്യക്ഷത വഹിച്ചു,




മൗന പ്രാർത്ഥനയോടെ യോഗം 10 .30 മണിക്ക് ആരംഭിച്ചു. സെക്രട്ടറി സി വേണുഗോപാലൻ എല്ലാവരെയും സ്വാഗതം ചെയ്തു. ജില്ലാ പ്രസിഡന്റ് ടി ബാലഗോപാല മേനോൻ ഈ യോഗത്തിന്റെ പ്രസക്തിയെക്കുറിച്ചും ഫാമിലി പെന്‌ഷണേഴ്സിന് നമ്മുടെ അസോസിയേഷൻ നൽകുന്ന പ്രാധാന്യത്തെക്കുറിച്ചും സംസാരിച്ചു




.
സംസ്ഥാന വൈസ് പ്രസിഡന്റ് ജോസ് മാർസിലിൻ സംസാരിക്കുന്നു

സംസ്ഥാന വൈസ് പ്രസിഡന്റ് ജോസ് മാർസിലിൻ പെൻഷൻ ഫിക്സേഷൻനിൽ ഉണ്ടാകുന്ന തെറ്റുകളെ കുറിച്ചും ഇൻഷുറൻസ് പോളിസികൾ, കാഷ്‌ലെസ്സ് സ്കീം, മൂചൽ വെൽഫയർ സ്കീം എന്നിവയെകുറിച്ചും വിശദമായി സംസാ രിച്ചു.




അസിസ്റ്റന്റ് ജനറൽ സെക്രട്ടറി ടി സേതുമാധവൻ നായർ ഫാമിലി പെൻഷൻ അംഗങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്കു അസോസിയേഷൻ ചെയ്യുന്ന പരിഹാര മാർഗങ്ങൾ വിശദീകരിച്ചു. തുടർന്നു നടന്ന പൊതു ചർച്ചയിൽ നിരവധി അംഗങ്ങൾ പങ്കെടുത്തു . HRMS സംബന്ധിച്ച അംഗങ്ങൾ ഉന്നയിച്ച ചില പ്രശ്നങ്ങൾ യോഗത്തിനിടെ തന്നെ പരിഹരിച്ചു കൊടുത്തു.



സമ്മേളനത്തിൽ പങ്കെടുത്ത അംഗങ്ങളുടെ ഒരു ദൃശ്യം

32 ഫാമിലി പെൻഷൻ അംഗങ്ങൾക്കു പുറമെ നമ്മുടെ നിരവധി പ്രവർത്തകരും യോഗത്തിൽ പങ്കെടുത്തു. ഇത്തരം യോഗങ്ങൾ ഇടയ്ക്കിടെ നടത്തുന്നത് വളരെ ഉപകാര പ്രദമായിരിക്കും എന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം ആയില്ലെങ്കിലും പങ്കെടുത്ത എല്ലാ ഫാമിലി പെൻഷൻ അംഗങ്ങളും വളരെ തൃപ്തിയോടെയാണ് തിരിച്ചുപോയത് .

കമ്മിറ്റി മെമ്പർ എം സി ശ്രീധരൻ നന്ദി പ്രകാശിപ്പിച്ചു. ഉച്ചക്ക് 1 മണിക്ക് യോഗം അവസാനിച്ചു .

# ആലപ്പുഴ ജില്ലാ വാർഷിക സമ്മേളനം

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ പെൻഷനേഴ്സ് അസോസിയേഷൻ ആലപ്പുഴ ജില്ലാ വാർഷിക സമ്മേളനം 2024 ഏപ്രിൽ 13 -ാം തീയതി ശനിയാഴ്ച 10 മണിക്ക് വൈ എം സി എ ഹാളിൽ ജില്ലാ പ്രസിഡന്റ് എൻ. കെ. ശ്രീകുമാറിന്റെ അദ്ധ്യക്ഷ തയിൽ നടന്നു. ശാന്തകുമാരിയുടെ ഈശ്വര പ്രാർത്ഥനയെ തുടർന്ന് റിപ്പോർട്ട് വർഷത്തിൽ നമ്മെ വിട്ടുപിരിഞ്ഞവർക്ക് ആദരാഞ്ജലികൾ അർപ്പിച്ചു.



ജില്ലാ പ്രസിഡന്റ് എൻ. കെ. ശ്രീകുമാറിന്റെ അദ്ധ്യക്ഷപ്രസംഗം

ജില്ലാ വൈസ് പ്രസിഡന്റ് പി.കെ.വിജയൻ പിള്ള എല്ലാവരെയും സ്വാഗതം ചെയ്തു.



ഭദ്രദീപം തെളിയിച്ച് യോഗം ഉദ്ഘാടനം ചെയ്യുന്ന ആലപ്പുഴ റീജിയണൽ മാനേജർ ജൂഡ് ജെറാർത്ത്

ആലപ്പുഴ റീജിയണൽ മാനേജർ ജൂഡ് ജെറാറത് മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. എസ് ബി ഐ പെൻഷനേഴ്സ് അസ്സോസിയേഷൻ സംസ്ഥാന പ്രസിഡന്റ് കെ. രാജീവൻ മുഖ്യപ്രഭാഷണം നടത്തി.




മുഖ്യപ്രഭാഷണം നടത്തി സംസ്ഥാന പ്രസിഡന്റ് കെ. രാജീവൻ

വളരെ നീണ്ട പോരാട്ടങ്ങൾക്കൊടുവിൽ നമ്മുടെ സംഘടന സമീപകാലത്ത് നേടിയെടുത്ത അർഹതപ്പെട്ട ആനുകൂല്യങ്ങളെക്കുറിച്ചും ഇനിയും നേടിയെടുക്കേണ്ട പല അവകാശങ്ങളേക്കുറിച്ചും വളരെ വിശദമായി സംസാരിക്കുകയും അംഗങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു.

സംസ്ഥാന വൈസ് പ്രസിഡന്റ് ബി സി ഉണ്ണികൃഷ്ണൻ നായർ, ഡപ്യൂട്ടി ജനറൽ സെക്രട്ടറി ഹെൻറി ജോൺ, ഭരണ സമിതി അംഗം ഡി. എൻ. നായക് എന്നിവർ പ്രസംഗിച്ചു.



ബിസിനസ്സ് സെഷനിൽ ജില്ലാ സെക്രട്ടറി ജെയ്സ് മാത്യു 2023-24 ലെ പ്രവർത്തന റിപ്പോർട്ടും ട്രഷറാർ റെജി ജോൺ ആഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കും അവതരിപ്പിച്ചു. തുടർന്നു നടന്ന ചർച്ചയിൽ അംഗങ്ങളുടെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും ജില്ലാ സെക്രട്ടറി വിശദമായി മറുപടി നൽകി. അതിനുശേഷം റിപ്പോർട്ടും കണക്കും പാസ്സാക്കി.
വി. കെ. രാമചന്ദ്രന്റെ ശ്രുതിമധുരമായ ഗാനം മീറ്റിംഗിന് മാറ്റ് കൂട്ടി. ജോയിന്റ് സെക്രട്ടറി എം. ജെ. ദേവസ്യ കൃതജ്ഞത അറിയിച്ചു.

വിശിഷ്ടാതിഥികളും, പങ്കെടുത്ത എല്ലാ അംഗങ്ങളും സമ്മേളനത്തിന്റെ സംഘാടക മികവിനെ പ്രശംസിച്ചു. പ്രത്യേകിച്ച് വാർഷിക റിപ്പോർട്ടിന്റെ കെട്ടിലും മട്ടിലുമുള്ള ഗുണനിലവാരത്തെ പ്രത്യേകം പരാമർശിച്ചു. വന്നു ചേർന്ന എല്ലാവർക്കും ജില്ലാ കമ്മറ്റിയുടെ വക പാരിതോഷികവും നൽകി.

ആലപ്പുഴ, മാവേലിക്കര റീജിയണൽ മാനേജർമാർ 10000 രുപ വീതം പരിപാടിക്ക് വേണ്ടി സ്പോൺസർ ചെയ്തതിലും ആ സംഖ്യ ഉപയോഗിച്ച് പാരിതോഷികങ്ങൾ, ഭക്ഷണ ക്രമീകരണം, ഭവനസന്ദർശനം, മുതിർന്നവരെ ആദരിക്കൽ എന്നിവ മികച്ച രീതിയിൽ ചെയ്യാൻ സാധിച്ചതിലും മാനേജ്മെന്റിനോട് പ്രത്യേക കടപ്പാടും നന്ദിയും രേഖപ്പെടുത്തി.

## ഭവന സന്ദർശനം



ശാമുവൽ ഉമ്മൻ, കരിപ്പുഴ

ആരോഗ്യപരമായ കാരണങ്ങളാൽ 75-ം 80-ം വയസ്സ് പ്രായമെത്തിയ മുതിർന്നവർക്ക് ജില്ലാസമ്മേളനത്തിൽ ആലപ്പുഴയിൽ വന്ന് പങ്കെടുക്കുവാൻ സാധിക്കാതിരുന്ന 4 സീനിയേഴ്സിനെ ജില്ലാ പ്രസിഡന്റ് ശ്രീകുമാർ, ജില്ലാ സെക്രട്ടറി ജെയ്സ് മാത്യൂ, ട്രഷറാർ റെജി ജോൺ, കമ്മറ്റി അംഗം നാരായണ നായക് എന്നിവർ അവരുടെ ഭവനങ്ങളിൽ ചെന്ന് ആദരിക്കുകയുണ്ടായി.



വർഗ്ഗീസ് മാത്യു, ചെങ്ങന്നൂർ



ത്രിവിക്രമൻ നായർ, ചുനക്കര

കൂടാതെ ജേക്കബ് വർഗ്ഗീസ്, സൂസി ജോർജ്ജ്, റേച്ചൽ നൈനാൻ എന്നിവരെ വീടുകളിലെത്തി സന്ദർശിക്കുകയും ആരോഗ്യപരമായ കാര്യങ്ങളും സംഘടനാ കാര്യങ്ങളും ചർച്ച ചെയ്യുകയുമുണ്ടായി. ഈ സന്ദർശനം എല്ലാവർക്കും വളരെയധികം സന്തോഷകരമായ ഒരു അനുഭവമായിരുന്നു.



ജി. കെ. പിള്ള, ചെറിയനാട്



# ഇരുപത്തി മൂന്നാം സംസ്ഥാന സമ്മേളനം

**പ്രിയപ്പെട്ടവരെ,**

**ലോകസഭാ തിരഞ്ഞെടുപ്പ് തീയതിയുടെ ഔദ്യോഗിക പ്രഖ്യാപനം വന്നതോടെ നമ്മുടെ ഇരുപത്തി മൂന്നാം സംസ്ഥാന സമ്മേളനത്തെക്കുറിച്ചുള്ള ആശങ്കകൾ മാറി. സമ്മേളനം സംബന്ധിച്ച ഔദ്യോഗിക അറിയിപ്പ് താഴെ കൊടുക്കുന്നു.**

**സമ്മേളന തീയതി : 2024 മെയ് 25 ശനിയാഴ്ച**

**വേദി: ഇന്ദ്രപ്രസ്ഥം ഓഡിറ്റോറിയം, കോട്ടയം**

**കോട്ടയം നഗരത്തിന്റെ ഹൃദയ ഭാഗത്ത്, തിരുനക്കര മഹാദേവർ ക്ഷേത്രത്തിന് തൊട്ടടുത്താണ് സമ്മേളന വേദി.**

- **കോട്ടയം റയിൽവേ സ്റ്റേഷനിൽ നിന്ന് 2 കിലോമീറ്റർ ദൂരം**
- **കെ എസ് ആർ ടി സി ബസ് സ്റ്റേഷനിൽ നിന്ന് 1 കിലോമീറ്റർ ദൂരം.**

**രണ്ട് സമ്മേളനങ്ങൾ: രാവിലെ പെൻഷണേഴ്സ് മീറ്റ് 2024**
**ഉച്ചയ്ക്ക് ശേഷം 23 –ാം വാർഷിക സമ്മേളനം.**

**സമയം: രാവിലെ 10.15 മണിതൊട്ടു വൈകിട്ട് 5.30 മണിവരെ**

**സമ്മേളനത്തിൽ പങ്കെടുക്കാനെത്തുന്ന നമ്മുടെ പ്രിയപ്പെട്ട അംഗങ്ങൾക്ക് മുൻകൂട്ടി യാത്ര ടിക്കറ്റുകൾ ബുക്ക് ചെയ്യാനും മറ്റു യാത്ര പരിപാടികൾക്കുള്ള തയ്യാറെടുപ്പിനുമായി ഇത്രയും. അത്യാവശ്യ വിവരങ്ങൾ അറിയിക്കുന്നു.**

**രാവിലെ 10.15 ന് പെൻഷനേഴ്സ് മീറ്റ് സമാരംഭിക്കും. ഉച്ചയ്ക്ക് ശേഷം 1.30 മുതൽ വൈകുന്നേരം 5.30 വരെ വാർഷിക ജനറൽ ബോഡി യോഗം**

**പരിപാടികളുടെ വിശദമായ വിവരങ്ങൾ താഴെ ക്ഷണക്കത്തിൽ കൊടുക്കുന്നു.**

**സ്നേഹപൂർവ്വം,**



**എ. ജയകുമാർ,**
**ജനറൽ സെക്രട്ടറി**



State Bank of India
Local Head Office, Thiruvananthapuram Circle
&
State Bank of India Pensioners' Association Kerala
cordially invite you to

SBI Pensioners' Meet
On Saturday 25th May 2024
At Indraprastham Auditorium, Thirunakkara, Kottayam

Programme for SBI Pensioners' Meet

| | | |
|---|---|---|
| 09.30 am | Registration/Tea | |
| 09.30 am | Flag Hoisting | |
| 10.15 am | SBI Pensioners' Meet | |
| | Prayer | |
| | Welcome Address | : Sri. Vikas Bhargava Dy. General Manager & Circle Development Officer, SBI, Thiruvananthapuram Circle |
| | Lighting the Lamp & Inaugural Address | : Smt. Bhuvaneshwari A Chief General Manager, SBI, Thiruvananthapuram Circle |
| | Presidential Address | : Sri. K. Rajeevan, President, SBI Pensioners' Association Kerala |
| | Keynote Address | : Sri. Dipak Kumar Basu, General Secretary Federation of SBI Pensioners' Associations |
| | Special Address | : Sri. Mohd. Arif Khan General Manager, Network-1 |
| | | : Sri. T Sivadas General Manager, Network-2 |
| | | : Sri. Seshu Babu Palle General Manager, Network-3 |
| | Felicitations | : Sri. Rajesh S General Secretary, SBIOA (KC) |
| | | : Sri. Akhil S General Secretary, SBSU (K C) |
| | | : Sri. J. Sivakumar, Dy. General Manager (B&O), AO Kottayam |
| | | : Sri. A Jayakumar, General Secretary, SBIPA Kerala |
| 12.00 noon | Interaction with Pensioners | |
| 12.45 pm | Vote of Thanks | : Sri. Henry John, DGS & Chairman, Organising Committee |
| 01.00 pm | Lunch | |
| 01.30 pm | Annual General Body Meeting | |



State Bank of India Pensioners' Association Kerala
cordially invite you to

23rd Annual General Body Meeting
On Saturday 25th May 2024 at 1.30 pm
At Indraprastham Auditorium, Thirunakkara, Kottayam

AGENDA

| | | |
|---|---|---|
| 1. | Prayer | |
| 2. | Condolences | |
| 3. | Welcome Address | : Shri. Joseph Palackal, DGS, SBIPA Kerala GB Member FSBIPA |
| 4. | Presidential Address | : Shri. K. Rajeevan, President, SBIPA Kerala |
| 5. | Honouring Former Presidents, General Secretaries of SBIPA Kerala and Jubilarians attaining 75/85 years of age during the calender year 2024 | : |
| 6. | Inaugural Address | : Shri. Dipak Kumar Basu General Secretary Federation of SBIPAs. |
| 7. | Presentation of Minutes of the 22nd AGM held on 13/05/2023 and General Secretary's Report for the year 2023-2024 | : Shri. A. Jayakumar, General Secretary, SBIPA Kerala |
| 8. | Presentation of Financial Statements for the year 2023-2024 | : Shri. K.S. Jayaram, Treasurer, SBIPA Kerala |
| 9. | Discussion on General Secretary's Report & Statement of Accounts for the year 2023-2024 | |
| 10. | Moving Resolutions and Bye-Law Amendments, if any | |
| 11. | Views/Suggestions/Queries from members, if any | |
| 12. | Any other matter with the permission of the Chair | |
| 13. | Appointment of Auditors for the year 2024-25 | |
| 14. | Vote of thanks | : Shri. K N Viswanathan Nair, District President & General Convenor, Organising Committee |
| 15. | National Anthem | |

We invite your Spouse also to attend the meeting if she/he is an Associate member

For Members only

# വാർഷിക പൊതു യോഗത്തിന്റെ സ്വാഗത സംഘമായി

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസോസിയേഷൻ ( കേരള ) വാർഷിക പൊതുയോഗം 2024 മേയ് 25–ാം തിയതി കോട്ടയം ഇന്ദ്രപ്രസ്ഥം ഓഡിറ്റോറിയത്തിൽ ചേരും. വാർഷിക ജനറൽ ബോഡി യോഗത്തിന്റെ വിജയകരമായ നടത്തിപ്പിനായി 2023 നവംബർ 11–ാം തിയതി വിളിച്ചുചേർത്ത യോഗത്തിൽ സ്വാഗത സംഘം രൂപീകരിച്ചു.

## 23 –ാമത് സംസ്ഥാന സമ്മേളനത്തിനു മുന്നോടിയായി 20.04.2024 കോട്ടയത്തുനടന്ന ഓർഗനൈസിംഗ് കമ്മറ്റി യോഗം

2024 ഏപ്രിൽ 20 ന- കോട്ടയം നാഗമ്പടം ലയൺസ് ഹാളിൽ രാവിലെ 11 മണിക്ക്സംഘാടക സമിതി യോഗം നടന്നു. ഓർഗനൈസിങ്ങ് കമ്മറ്റി ചെയർമാൻ ഹെൻറി ജോൺ അദ്ധ്യക്ഷത വഹിച്ചു, സംഘാടക സമിതി യോഗത്തിന് പ്രാരംഭമായി 10 മണിക്ക് അതാതു കമ്മിറ്റി അംഗങ്ങൾ ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ചകൾ നടത്തുകയും ഇതുവരെയുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തി നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് യോഗത്തിൽ അവതരിപ്പിക്കുന്നതിനായി തയ്യാറാക്കുകയും ചെയ്തു.



ഫുഡ് കമ്മിറ്റി ചെയർമാൻ പി.എസ്.രാജമോഹനൻ നായരുടെ നേതൃത്വത്തിൽ നടന്ന ഗ്രൂപ്പ് ചർച്ച

എല്ലാ അംഗങ്ങളും സജീവമായി ചർച്ചകളിൽ പങ്കെടുത്തു. ഓരോ ഗ്രൂപ്പും അവരവരുടെ ചുമതലയിലുള്ള വകുപ്പ് കാര്യങ്ങൾ ഭംഗിയായി നിർവ്വഹിക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയും ആയവ അവതരിപ്പിക്കുവാൻ ഗ്രൂപ്പ് കൺവീനർമാരെ ചുമതലപ്പെടുത്തുകയും ചെയ്തു.

അതിനുശേഷം മൗന പ്രാർത്ഥനയോടെ യോഗ നടപടികൾ ആരംഭിച്ചു. ജനറൽ കൺവീനർ കെ.എൻ.വിശ്വനാഥൻ നായർ യോഗത്തിന് സ്വാഗതം ആശംസിച്ചു. സംസ്ഥാന സമ്മേളന വിജയത്തിനായി എല്ലാവരും ഒത്തൊരുമയോടെ പ്രവർത്തിക്കണമെന്ന് അദ്ദേഹം അഭ്യര്ത്ഥിച്ചു.



ജനറൽ കൺവീനർ കെ.എൻ.വിശ്വനാഥൻ നായർ യോഗത്തിന് സ്വാഗതം ആശംസിച്ചു

സംസ്ഥാന വൈസ് പ്രസിഡന്റ് ബി.സി. ഉണ്ണിക്ര്യഷ്ണൻ നായർ സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. തന്റെ പ്രസംഗത്തിൽ സമ്മേളനത്തിന് എല്ലാവിധ സഹകരണങ്ങളും വാഗ്ദാനം ചെയ്യുകയും ഭാവുകങ്ങളും ആശംസകളും നേരുകയും ചെയ്തു.



സദസ്സിന്റെ ദൃശ്യം



സംസ്ഥാന വൈസ് പ്രസിഡന്റ് ഉണ്ണിക്ര്യഷ്ണൻ നായർ ഉദ്ഘാടനം നിർവ്വഹിച്ചു പ്രസംഗിക്കുന്നു

ഓർഗനൈസിങ്ങ് കമ്മറ്റി ചെയർമാൻ ഹെൻറി ജോൺ അദ്ധ്യക്ഷ പ്രസംഗത്തിൽ , ആതിഥേയർ എന്ന നിലയിൽ കോട്ടയം സമ്മേളനം വിജയിപ്പിക്കുവാൻ വേണ്ട എല്ലാ സഹകരണങ്ങളും ഓർഗനൈസിങ്ങ് കമ്മിറ്റി അംഗങ്ങളു ടെ നേതൃത്വത്തിൽ ഉറപ്പ് വരുത്തണമെന്ന് ആവശ്യപ്പെട്ടു.




ഓർഗനൈസിങ്ങ് കമ്മറ്റി ചെയർമാൻ ഹെൻറി ജോൺ അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുന്നു

കോട്ടയം ജില്ലയിൽ നിന്ന് അസ്സോസിയേറ്റ് അംഗങ്ങൾ ഉൾപ്പെടെ 500 പേരെങ്കിലും പങ്കെടുവാൻ വേണ്ട ക്രമീകരണ ങ്ങൾ ചെയ്യണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. ഫണ്ട് ശേഖരണം വിജയിപ്പിച്ചതിൽ നന്ദി അറിയിക്കുകയും ഇനിയുള്ള പ്രവർത്തനങ്ങളിലും പൂർണ വിജയം ആശംസി ക്കുകയും ചെയ്തു. ഓർഗനൈസിങ്ങ് കമ്മറ്റി വൈസ് ചെയർമാൻ കെ.പി. രാജശേഖരൻ സംസ്ഥാന സമ്മേളനത്തി ന് എല്ലാ ആശംസ കളും നേർന്നു കൊണ്ട് സംസാരിച്ചു.



ഓർഗനൈസിങ്ങ് കമ്മറ്റി വൈസ് ചെയർമാൻ കെ.പി.രാജശേഖരൻ സംസാരിക്കുന്നു




ഗ്രൂപ്പ് ചർച്ചകളിലൂടെ എടുത്ത തീരുമാനങ്ങളുമായി
വി.ആർ.ബി. നായർ സണ്ണി ജോസഫ്



ഗ്രൂപ്പ് ചർച്ചകളിലൂടെ എടുത്ത തീരുമാനങ്ങളും, നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളെക്കുറിച്ചും സംസാരിക്കുന്ന ജില്ല വൈസ് പ്രസിഡന്റ് ത്രേസ്യാമ്മ ആന്റണി




കെ.ജെ.വർഗീസ് സി.പി.മാത്യു

തുടർന്ന്, ഡി.ജി.എസ്സും ഫെഡറേഷൻ ഗവേണിംഗ് ബോഡി അംഗവുമായ ജോസഫ് പാലക്കൽ, തന്റെ സുദീർഘമായ പ്രസംഗത്തിൽ എല്ലാ കമ്മറ്റി അംഗങ്ങളും യോഗ സമക്ഷം അവതരിപ്പിച്ച കർമ്മപദ്ധതികളെക്കുറിച്ച് ഇഴകീറി വിലയിരുത്തിയതിനു ശേഷം പ്രായോഗികമായ നിർദേ ശങ്ങളും അഭിപ്രായങ്ങളും യോഗത്തെ അറിയിച്ചു.



ഡി.ജി.എസ്സും ഫെഡറേഷൻ ഗവേണിംഗ് ബോഡി അംഗവുമായ ജോസഫ് പാലക്കൽ പ്രായോഗികമായ നിർദേശങ്ങളും അഭിപ്രായങ്ങളും അറിയിക്കുന്നു

ഇതുവരെയുള്ള പ്രവർത്തനങ്ങളുടെ പശ്ചാത്തലത്തിൽ വേണ്ട തിരുത്തലുകളും അദ്ദേഹം നിർദ്ദേശിക്കുകണ്ടായി.

തുടർന്ന് ഓപ്പൺഫോറത്തിൽ അംഗങ്ങളുടെ സജീവചർച്ച നടന്നു. ഓർഗനൈസിങ്ങ് കമ്മറ്റി കൺവീനർമാരായ റൈസാബീഗം, രാജമോഹൻ നായർ, .കെ.ജെ.വർഗീസ്, പുഷ്കരൻ.എം.പി., ത്രേസ്യാമ്മ ആന്റണി, വി.ആർ.ബി. നായർ, സണ്ണി ജോസഫ്, സി.പി.മാത്യു എന്നിവർ തങ്ങളുടെ ഗ്രൂപ്പ് ചർച്ചകളിലൂടെ എടുത്ത തീരുമാന ങ്ങളും, നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളെ ക്കുറിച്ചും സംസാരിച്ചു.




റൈസാബീഗം പുഷ്കരൻ.എം.പി

ജോ.ജനറൽ കൺവീനർ പി.എം.ജേക്കബ്ബിന്റെ നന്ദി പ്രകാശനത്തോടെ യോഗനടപടികൾ ഉച്ച കഴിഞ്ഞ് 1.30 മണിക്ക് അവസാനിച്ചു.




ജോ.ജനറൽ കൺവീനർ പി.എം.ജേക്കബ്ബ് നന്ദി പ്രകാശനം നടത്തി പ്രസംഗിക്കുന്നു

തുടർന്ന് ലയൺസ്ഹാളിൽ ക്രമീകരിച്ചിരുന്ന ഉച്ച ഭക്ഷണവും കഴിച്ച ശേഷമാണ് അംഗങ്ങൾ പിരിഞ്ഞത്.

# ത്രൈമാസ ജനറൽ ബോഡി യോഗം തിരുവനന്തപുരത്ത്

2024 എപ്രിൽ 27 ന- തിരുവനന്തപുരത്ത് ത്രൈമാസ ജനറൽ ബോഡി യോഗം നടന്നു. വൈസ് പ്രസിഡന്റ് എസ് സതീഷ് കുമാർ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ 201 അംഗങ്ങൾ പങ്കെടുത്തു.. യോഗം രാവിലെ 10.15ന് മൗന പ്രാർത്ഥനയോടെ ആരംഭിച്ചു. റിപ്പോർട്ട്കാലയളവിൽ നിര്യാതരായ അംഗങ്ങളുടെയും കുടുംബ പെൻഷൻകാരുടെയും വേർപാടിൽ അനുശോചനം രേഖപ്പെടുത്തി.

.

ജോയിന്റ് സെക്രട്ടറി ജി മധുകുമാർ സ്വാഗതം പറഞ്ഞു. 25.5.24 ന- കോട്ടയത്ത് നടക്കുന്ന എജിഎമ്മിൽ പങ്കെടുക്കണമെന്ന് വൈസ് പ്രസിഡന്റ് എസ് സതീഷ് കുമാർ അധ്യക്ഷ പ്രസംഗത്തിൽ അംഗങ്ങളോട് നിർദ്ദേശിച്ചു.

27.01.24 ന് നടന്ന വാർഷിക പൊതുയോഗത്തിന്റെ മിനിറ്റ്സ് ജില്ലാ സെക്രട്ടറി ജോസഫ് വി എൽ അംഗീകാരത്തിനായി അവതരിപ്പിച്ചു.




ജില്ലാ സെക്രട്ടറി ജോസഫ് വി എൽ റിപ്പോർട്ട് അവതരിപ്പിക്കുന്നു

ജനറൽ സെക്രട്ടറി. എ ജയകുമാർ പെൻഷൻ കേസ്, അടുത്തിടെയുള്ള വേതന പരിഷ്കരണം, പെൻഷന്റെ 40% നിലവാരം 50% ആക്കി ഉയർത്തൽ, എക്സ്ഗ്രേഷ്യ നൽകുന്നതിൽ കാലതാമസം എന്നിവ സംബന്ധിച്ച് വിശദമായി റിപ്പോർട്ട് ചെയ്തു.

യോഗത്തിൽ ജോൺ ജോസഫ് രക്ഷാധികാരി അംഗം, എം എസ് അയ്യർ ഡിജിഎസ്, രാജചന്ദ്രൻ നായർ കെ എജിഎസ് എന്നിവർ സംസാരിച്ചു.




മുൻ ജനറൽ സെക്രട്ടറിയും ഭരണസമിതി പേട്രണുമായ ജോൺ ജോസഫ് പ്രസംഗിക്കുന്നു

പെൻഷൻകാരെ ബാധിക്കുന്ന സമീപകാല സംഭവവികാസങ്ങൾ അവർ വിശദീകരിക്കുകയും 25.5.24 ന് നടക്കുന്ന കോട്ടയം എജിഎമ്മിൽ പങ്കെടുക്കാൻ അംഗങ്ങളോട് അഭ്യർത്ഥിക്കുകയും ചെയ്തു.

തുടർന്ന് അംഗങ്ങൾ സ്വയം പരിചയപ്പെടുത്തി.ഓപ്പൺ ഫോറത്തിൽ അംഗങ്ങൾ വിവിധ വിഷയങ്ങളിൽ സംസാരിച്ചു.



സദസ്സിന്റെ ദൃശ്യം



സമ്മേളനത്തിൽ പങ്കെടുത്ത അംഗങ്ങളുടെ മറ്റൊരു ദൃശ്യം

25.5.24 ന് കോട്ടയത്ത് നടക്കുന്ന സംസ്ഥാന വാർഷിക സമ്മേളനത്തിൽ പങ്കെടുക്കുന്നതിനുള്ള ക്രമീകരണങ്ങളും മറ്റ് പ്രധാന വിഷയങ്ങളും അംഗങ്ങളുടെ അറിവിലേക്കായി ജില്ലാ സെക്രട്ടറി റിപ്പോർട്ട് ചെയ്തു.

എല്ലാ അജണ്ട ഇനങ്ങളും ചർച്ച ചെയ്ത ശേഷം ട്രഷറർ എസ്.എ..റഹ്മാൻ നന്ദി രേഖപ്പെടുത്തി. ദേശീയഗാനത്തോടെ യോഗം 12.30 ന് അവസാനിച്ചു.

ഹരിഹര സുബ്രമണ്യം, മീനാക്ഷി. വി, കുമാരി മിനി, ശോഭന. പി, ആനന്ദവല്ലി എസ് എന്നിവർ കൂട്ടായി ഉച്ച ഭക്ഷണത്തിനുള്ള ക്രമീകരണങ്ങൾ നടത്തിയിരുന്നു. വിഭവ സമൃദ്ധമായ ഭക്ഷണവും കഴിഞ്ഞാണ് അംഗങ്ങൾ മടങ്ങിയത്. എല്ലാവർക്കും ജില്ലാ കമ്മിറ്റിക്ക് വേണ്ടി ജില്ലാ സെക്രട്ടറി ജോസഫ് വി എൽ നന്ദി പറയുന്നു.




ഇടുക്കി ജില്ലയുടെ ലീഡ് ബാങ്ക് ആയി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ചുമതലയേറ്റു. 2024 ഏപ്രിൽ മാസം 1-ാം തിയതി മുതലാണ് എസ്ബിഐക്ക് ലീഡ് ബാങ്ക് പദവി ലഭിച്ചത്. യുണിയൻ ബാങ്കായിരുന്നു മുൻപ് ജില്ലയിലെ ലീഡ് ബാങ്ക്. എസ്ബിഐ തൊടുപുഴ മങ്ങാട്ടുകവലയിലെ റീജനൽ ഓഫിസിൽ നടന്ന ചടങ്ങിൽ ആർ ബിഐ പ്രതിനിധി എം. മുത്തുകുമാർ ഉദ്ഘാടനം ചെയ്തു. റിസർവ്വ് ബാങ്ക്. നിർദേശങ്ങളും ജില്ലയിലെ ജനസ്വരക്ഷാ പദ്ധതികൾ ഉൾപ്പെടെയുള്ളവ നടപ്പിലാക്കുന്നതും ലീഡ് ബാങ്കിന്റെ നേതൃത്വത്തിലാണ്. എല്ലാ ബാങ്കുകളേയും ഏകോപിപ്പിച്ച് ജില്ലയുടെ മൊത്തം ക്രെഡിറ്റ് പ്ലാൻ നടപ്പാക്കുന്നതിനുള്ള ചുമതലയും ലീഡ് ബാങ്കിനാണ്.




ഇടുക്കി ജില്ലയുടെ ലീഡ് ബാങ്ക് ആയി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ചുമതല എടുത്തു കൊണ്ടുള്ള സാക്ഷ്യപത്രം ആർ ബിഐ പ്രതിനിധി എം. മുത്തുകുമാറിൽ നിന്ന് എസ് ബിഐ തൊടുപുഴ റീജനൽ മാനേജർ എം.ആർ സാബു, ലീഡ് ബാങ്ക് മാനേജർ ഗ്രീഷ്മ റിച്ചാർഡ് എന്നിവർ ഏറ്റുവാങ്ങുന്നു

## ജോബി ജോസ് ജനറൽ മാനേജർ പദവിയിലേയ്ക്ക്



ജോബി ജോസ്

29.04.2024-ാം തിയതി പുറത്തുവിട്ട ഉന്നത ഭരണ നിർവ്വഹണാധികാരികളുടെ സ്ഥാനക്കയറ്റം സംബന്ധിച്ച ലിസ്റ്റിൽ ജനറൽ മാനേജരായി മലയാളിയായ ജോബി ജോസ് ഉൾപ്പെട്ടിട്ടുണ്ടെന്ന വിവരം സന്തോഷത്തോടെ റിപ്പോർട്ട് ചെയ്യുന്നു. ചീഫ് മാനേജർ, റിജിയണൽ മാനേജർ എന്ന നിലകളിൽ എല്ലാം കോട്ടയം ജില്ലയിൽ പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം കോട്ടയംകാർക്ക് സുപരിചിതനാണ്. തുടർന്നുള്ള ചുമതലകളിൽ അദ്ദേഹത്തിന് ശുഭാശംസകൾ നേരുന്നു.






## വാണിജ്യം

# സെൻസെക്സ് 75,000 - നു മുകളിൽ

ചരിത്രത്തിലാദ്യമായി 75,000 പോയിന്റിനു മുകളിൽ വ്യാപാരം അവസാനിപ്പിച്ച് ബി.എസ്.ഇ. സൂചികയായ സെൻസെക്സ്. 75,124.28 പോയിന്റു വരെയെത്തി ഏപ്രിൽ 9-ാം നു ചൊവ്വാഴ്ച പുതിയ ഉയരം കുറിച്ചെങ്കിലും ക്ലോസിങ്ങിൽ 75,000 പോയിന്റ് നേട്ടം നിലനിർത്താൻ സൂചികയ്ക്കു കഴിഞ്ഞിരുന്നില്ല. ബുധനാഴ്ച 354.45 പോയിന്റിന്റെ നേട്ടത്തിൽ പുതിയ ക്ലോസിങ് ഉയരം സ്വന്തമാക്കിയാണ് വിപണി വ്യാപാരം അവസാനിപ്പിച്ചത്.



നിഫ്റ്റിയാകട്ടെ, 111.05 പോയിന്റുയർന്ന് 22,753.80 പോയിന്റിലെത്തി ക്ലോസ് ചെയ്തു. ഐ.ടി.സി., കൊടക് മഹീന്ദ്ര ബാങ്ക്, എസ്.ബി.ഐ., ടെക് മഹീന്ദ്ര, എയർടെൽ, ഏഷ്യൻ പെയിന്റ്സ്, ജെ.എസ്.ഡബ്ല്യു. സ്റ്റീൽ, ഇൻഫോസിസ്, റിലയൻസ് ഓഹരികളാണ് ബുധനാഴ്ച കൂടുതൽ നേട്ടമുണ്ടാക്കിയത്. എന്നാൽ തുടർന്നുള്ള ആഴ്ച്ചകളിൽ ഈ നേട്ടം വിപണിക്ക് നിലനിർത്താനായില്ല. ഏറ്റക്കുറച്ചിലുകൾ തുടരുന്നു.

# സ്വർണ മുന്നേറ്റം തുടരുന്നു: പവന് 54,360 രൂപ

റെക്കോഡുകൾ തിരുത്തി സംസ്ഥാനത്ത് സ്വർണ വില കുതിക്കുകയാണ്. 11.04.2024 നു തിങ്കളാഴ്ച പവന് 240 രൂപ ഉയർന്ന് 54,360 രൂപയിലെത്തി. ഗ്രാമിന് 30 രൂപ കൂടി വില 6,565 രൂപയാ യി. ഞായറാഴ്ച പവന് 52,280 രൂപയും ഗ്രാമിന് 6,535 രൂപയുമായിരുന്നു.



16.04.2024 ചൊവ്വാഴ്ച പവന് 720 രൂപ ഉയർന്ന് 54,360 രൂപയും ഗ്രാമിന് 90 രൂപ ഉയർന്ന് 6,795 രൂപയുമായി. ചരിത്രത്തിൽ ആദ്യമായാണ് പവൻ വില 54,000 രൂപ കടക്കുന്നത്. പക്ഷേ, അന്താരാഷ്ട്ര വിപണിയിൽ ഒരു ട്രോയ് ഔൺസ് (31.1 ഗ്രാം) തനിത്തങ്കത്തിന്റെ വില 2,387 ഡോളറിൽനിന്ന് 2,369 ആയി കുറഞ്ഞതോടെ വിപണിയിലെ കുതിപ്പിനേയും ബാധിച്ചു. വിലയിൽ ഏറ്റക്കുറച്ചിലുകൾ തുടരുന്നു.




# ഏഴാംവട്ടവും പലിശ മാറ്റാതെ റിസർവ് ബാങ്ക്

## അടിസ്ഥാന നിരക്കുകളിൽ മാറ്റമില്ല

തുടർച്ചയായ ഏഴാം പണവായ്പ നയത്തിലും അടിസ്ഥാന പലിശനിരക്കിൽ മാറ്റംവരുത്താതെ റിസർവ് ബാങ്ക്. ഇതനുസരിച്ച് ബാങ്കുകൾക്ക് റിസർവ് ബാങ്ക് നൽകുന്ന വായ്പയുടെ പലിശയായ റിപ്പോനിരക്ക് 6.5 ശതമാനത്തിൽ തുടരും. 2022 ഫെബ്രുവരിയിലാണ് ആർ.ബി.ഐ. അവസാനമായി പലിശ ഉയർത്തിയത് 2024–25 സമ്പത്തിക വർഷത്തിലെ സാമ്പത്തിക വളർച്ച 7.2% മാത്രമായിരിക്കുമെന്നാണ് കരുതുന്നത്.



റിസർവ് ബാങ്ക് ഗവർണർ ശക്തികാന്തദാസ്

പണലഭ്യത നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഉയർത്തിയ സ്റ്റാൻഡിങ് ഡിപ്പോസിറ്റ് ഫെസിലിറ്റി (എസ്.ഡി. എഫ്.), മാർജിനൽ സ്റ്റാൻഡിങ് ഫെസിലിറ്റി (എം.എസ്.എഫ്.) എന്നിവയും യഥാക്രമം 6.25 ശതമാനത്തിലും 6.75 ശത മാനത്തിലും തുടരും. പണനയസമിതിയിലെ അഞ്ചംഗങ്ങൾ തീരുമാനത്തെ പിന്തുണച്ചു. ഒരാൾ എതിർത്തു. 2022 മേയ് മുതൽ 2023 ഫെബ്രുവരി വരെയായി റിപ്പോനിരക്ക് 2.50 ശതമാനം ഉയർത്തിയിരുന്നു.

# രൂപ റെക്കോഡ് താഴ്ചയിൽ



വിദേശനാണ്യ വിപണിയിൽ ഡോളറിനെതിരേ രൂപയുടെ മൂല്യം ചരിത്രത്തിലെ ഏറ്റവും താഴ്ന്ന നിലയിലെത്തി. ഒരു ഡോളറിന് 83.53 രൂപയെന്ന നി രക്കിലാണ് ചൊവ്വാഴ്ച വ്യാ പാരം ആരംഭിച്ചത്. പിന്നീട് 83.48 രൂപയിലെത്തി നില മെച്ചപ്പെടുത്തിയെങ്കിലും വീണ്ടും താഴേക്കു പോയി. ഒടുവിൽ തിങ്കളാഴ്ച ത്തേക്കാൾ 14 പൈസയുടെ നഷ്ടവുമായി 83.57 എന്ന നിലയി ലാണ് ചൊവ്വാഴ്ച വ്യാപാരം അവസാനിപ്പിച്ചത്. അതായത്, ഒരു ഡോളറിന് 83.57 രൂപ നൽകണം. അമേരിക്കയുടെ ട്രഷറി വരുമാന ത്തിലെ കുതിപ്പും പശ്ചിമേഷ്യ യുദ്ധഭീതിയും രൂപയ്ക്ക് തിരിച്ചടി യായി. വിദേശ നിക്ഷേപകർ ഓഹരി വിറ്റഴിച്ച തോടെ ഓഹരി വിപണി താഴേക്കു പോയത് രൂപയ്ക്ക് പ്രതികൂലമായി.

# ഒക്ടോബർ മുതൽ "കീ ഫാക്ട് സ്റ്റേറ്റ്മെന്റ്" (കെ.എഫ്.എസ്.) കൈമാറണം റിസർവ് ബാങ്ക്

ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും വായ്പ കൾക്കായി ഈടാക്കുന്ന വിവിധ ഫീസുകളും ചാർജുകളും ഉൾപ്പെടെ എല്ലാ ചെലവുകളും ഉപഭോക്താക്കളെ കൃത്യമായി അറിയിക്കണമെന്ന് റിസർവ് ബാങ്ക് ഉത്തരവ്. റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിനുകീഴിൽ വരുന്ന എല്ലാ സ്ഥാപനങ്ങൾക്കും ഒക്ടോബർ ഒന്നു മുതൽ ഇത് ബാധകമാകും.

വായ്പകളുടെ ചെലവിൽ കൂടുതൽ സുതാര്യത വരു ത്താനും വിവിധതരം സാമ്പത്തിക സേവന കമ്പനികളിൽ വിവരങ്ങൾ നൽകുന്നതിന് ഏകീകൃത സ്വഭാവം നൽകാനും ലക്ഷ്യമിട്ടാണ് ആർ.ബി.ഐ. നടപടി.

ഇതിന്റെ ഭാഗമായി ധനകാര്യ സ്ഥാപനങ്ങൾ വായ്പ പാസാക്കുംമുമ്പ് വായ്പയുടെ ചെലവുകൾ കൃത്യമായി കാണിക്കുന്ന 'കീ ഫാക്ട് സ്റ്റേറ്റ്മെന്റ് (കെ.എഫ്.എസ്.) വായ്പയെടുക്കുന്നവർക്ക് കൈമാറണം. കരാർ ഒപ്പുവെക്കും മുമ്പ് പലിശയും വിവിധ ഫീസുകളും ഇൻഷുറൻസ്, ലീഗൽ ചാർജുകളും ഉൾപ്പെടെ വർഷം എത്ര രൂപ തിരിച്ചടവു വരുമെന്ന് കൃത്യമായി മനസ്സിലാക്കാൻ കടമെടുക്കുന്നവരെ സഹായിക്കുന്നതാണ് ഈ രേഖ.

## ഏപ്രിൽ 18

# ലോക പൈതൃക ദിനം

ലോകമെമ്പാടും ഏപ്രിൽ 18 അന്തർദ്ദേശീയ ലോകപൈതൃക ദിനം ആയി (World Heritage Day) ആചരിക്കുന്നു. ഇന്റർ നാഷണൽ ഡേ ഫോർ മൊണുമെന്റ്സ് ആന്റ് സൈറ്റ്സ് **(International Day for Monuments and Sites)** എന്നും ഇതറിയപ്പെടുന്നു. സാംസ്കാരിക പൈതൃകത്തെ ബഹുമാനിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി എല്ലാ വർഷവും ഈ ദിവസം ആഗോള തലത്തിൽ ആചരിക്കുന്നു. ഈ ദിവസം സ്മാരകങ്ങളുടെയും പാരമ്പര്യ ഇടങ്ങളുടെയും ദിവസമാണ്. ചരിത്ര ഇടങ്ങൾ സംരക്ഷിക്കുക മാത്രമല്ല, അവയെക്കുറിച്ചുള്ള അവബോധം വളർത്തുകയും ഈ ദിവസത്തിന്റെ ഉദ്ദേശമാണ്. 68 രാജ്യങ്ങളിലായി 1,199 ലോക പൈതൃക കേന്ദ്രങ്ങൾ ഉണ്ട് ; ഇന്ത്യയിൽ 42 എണ്ണം ഉണ്ട്.

### ലോക പൈതൃക ദിനം 2024 പ്രമേയം

ഈ വർഷത്തെ ലോക പൈതൃക ദിനത്തിന്റെ പ്രമേയം **'വൈവിധ്യങ്ങൾ കണ്ടെത്തുകയും അനുഭവിക്കുകയും ചെയ്യുക'** എന്നതാണ് (Discover and Experience Diversity).



**കൈലാസ ക്ഷേത്രവും എല്ലോറ ഗുഹകളും ഒരു വിഹഗവീക്ഷണം**




**ആസ്സാമിലെ കാശിരംഗ നാഷണൽ പാർക്കിൽ നിന്നൊരു കാഴ്ച്ച**

1982 ഏപ്രിൽ 18 ന് ടുണീഷ്യയിൽ ICOMOS സംഘടിപ്പിച്ച ഒരു സിമ്പോസിയത്തിന്റെ അവസരത്തിൽ, "സ്മാരകങ്ങൾക്കും

സൈറ്റുകൾക്കുമുള്ള അന്താരാഷ്ട്ര ദിനം" ലോകമെമ്പാടും ഒരേസമയം ആഘോഷിക്കാൻ നിർദ്ദേശിച്ചു. ഈ ദിവസം എങ്ങനെ സംഘടിപ്പിക്കണം എന്നതിനെക്കുറിച്ചുള്ള പ്രായോഗിക നിർദ്ദേശങ്ങൾ ദേശീയ കമ്മിറ്റികൾക്ക് നൽകിയ എക്സിക്യൂട്ടീവ് കമ്മിറ്റി ഈ പ്രോജക്റ്റ് അംഗീകരിച്ചു.

## ചെറുകഥ

# മാവ്



അബ്ദുൽകരിം ചൈതന്യ

എന്റെ ഈ തണലിലിരുന്നാണ് എന്നും അവർ സഭ കൂടുന്നത്. സഭാ നേതാവ് എപ്പോഴും എന്റെ പിള്ള അച്ഛൻ തന്നെയായിരിക്കും.



ഈ ചുറ്റുവട്ടത്തുള്ളവർ എല്ലാവരും പിള്ളേച്ചാ, പിള്ളേച്ചാ എന്നാണ് അദ്ദേഹത്തെ വിളിക്കുന്നത്. ഞാനെന്റെ അച്ഛനായി കാണുന്നതുകൊണ്ട് എനിക്കെന്നും പിള്ള അച്ഛൻ ആണ്.
ഈ ചുവട്ടിലിരുന്ന് അദ്ദേഹം മറ്റുള്ളവരോട് പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്....

" ഒരു മേജർ ഓപ്പറേഷൻ കഴിഞ്ഞു പത്തു പതിനഞ്ചു ദിവസത്തെ ആശുപത്രി വാസത്തിനുശേഷം തിരിച്ചു പോരുമ്പോൾ വണ്ടി നിർത്തിച്ച് ഞാൻ വാങ്ങി കൊണ്ടുവന്ന ഒരു മാവിൻ തൈയാണ് ഇത്.

ആശുപത്രിയിൽ നിന്ന് ഒരു പുനർജന്മം കിട്ടിയാണ് ഞാൻ പോന്നത്. അതിന്റെ ഓർമ്മക്കാണ് അതിവിടെ നട്ട് നനച്ച് വളർത്തിയത്". ഇന്നിപ്പോൾ ഞാൻ വലിയ തടിയും ശിഖരങ്ങളുമായി ഇവിടെ ഇങ്ങനെ പടർന്നു പന്തലിച്ച് നില്ക്കുന്നു.

അപ്പുറത്തെ വീട്ടുമുറ്റത്ത് മതിലിനോട് ചേർന്ന് തളിർത്തു പൂത്തു കായ്ച്ചു നിൽക്കുന്ന ആ ഒരു മാവു കാണുമ്പോൾ എന്റെ തല താനേ താഴും. ഇത്രകാലമായിട്ടും ഒരു പൂവോ കായോ എന്നിൽ ഉണ്ടായില്ലല്ലോ.
അതുകൊണ്ട് തന്നെയാണ് ബീനാമ്മ എപ്പോഴും പറയുന്നത്..
" ഈ ഇലയും ചവറും അടിച്ചു വാരി എന്റെ പതം വന്നു .. ഇനി ഇത് ആർക്കെങ്കിലും നമുക്ക് വെട്ടിക്കൊടുക്കാം. മുറ്റമെങ്കിലും വൃത്തിയായി കിടക്കുവല്ലോ " എന്ന്. അത് കേൾക്കുമ്പോൾ എന്റെ ഉള്ളു പിടയും.
" അതവിടെ നിൽക്കട്ടെ ബീനേ ... ഇപ്പോ നമുക്ക് ഇതൊരു തണലല്ലേ...പിന്നെ അത്യാവശ്യം വരുമ്പോൾ അതുപകരിക്കും"
ഇത്രയും പറഞ്ഞ് ഒരു നെടുവീർപ്പോടെ പിള്ള അച്ഛൻ അകത്തേക്ക് പോകുമ്പോഴാണ് എന്റെ ഉള്ളൊന്നു തണുക്കുന്നത്.



പൂവണിക്കാവിലെ കുംഭകുടത്തിനു കുടം അലങ്കരിക്കാൻ എന്റെ ചാഞ്ഞ കൊമ്പിൽ നിന്ന് ഒത്തിരി ഇലകൾ ബീനാമ്മ അടർത്തിയെടുത്ത് കാവിലേക്ക് കൊടുത്തു വിടാറുണ്ട്. അന്ന് പൂവണിക്കാവിലെ കുംഭകുട ആഘോഷമായിരുന്നു. അന്നും ചുറ്റുവട്ടത്തുള്ളവർ എന്റെ തണലിൽ വട്ടം കൂടിയിരുന്നു.

കരക്കാരുടെ ആഘോഷങ്ങളായിരുന്നു അന്നത്തെ ചർച്ച. പെട്ടെന്നാണ് എന്റെ പിള്ള അച്ചൻ വിയർപ്പിൽ കുളിച്ച് ശരീരം തളർന്നു എന്റെ ചുവട്ടിലേക്ക് തല ചായ്ച്ചു വീണത് . ആശുപത്രിയിൽ എത്തിക്കുമ്പോൾ പിള്ള അച്ഛൻ ഞങ്ങളെ എല്ലാവരെയും വിട്ടു പോയിരുന്നു.
മുറ്റത്തെ പന്തലിൽ വെള്ള പുതച്ച് പിള്ള അച്ഛൻ കിടക്കുന്നു. ചുറ്റും പലരായി വന്നും പോയുമിരുന്നു.



എന്റെ പിള്ള അച്ഛൻ പലവുരു പറഞ്ഞു കേട്ടിട്ടുള്ള ആ വാക്കുകൾ ഞാൻ അപ്പോഴാണ് ഓർമ്മിച്ചത്.

"ഇപ്പോൾ ഇത് നമുക്കൊരു തണൽ അല്ലേ... ഇനി അത്യാവശ്യം വരുമ്പോൾ ഇത് ഉപകരിക്കും..."
ഇതിനിടയ്ക്ക് ആരോ വന്ന് എന്റെ ചാഞ്ഞ കൊമ്പിൽ നിന്ന് കുറച്ച് ചെറിയ കമ്പുകൾ ഒടിച്ച് എടുത്തു കൊണ്ടുപോയി.

ഈ സമയം കുറച്ചകലെ നിന്ന് ഒരു യന്ത്രവാൾ ഏതോ മരത്തെ കീറിമുറിക്കുന്ന ശബ്ദം കേട്ടു ഞാൻ നടുങ്ങി. ഞാനെന്റെ പിള്ള അച്ഛന് വേണ്ടി മണിക്കൂറുകൾക്കു ള്ളിൽ ഇല്ലാതാകും. വടവും കോടാലിയും വാളുമായി ഇപ്പോൾ ആളെത്തും. ഞാൻ മനസ്സാ ശക്തി സംഭരിച്ചു തലകുനിച്ചു നിന്നു.

മുറ്റത്തെ പന്തലിൽ കരയോഗക്കാരും കർമിയും സഹായിയും ഒക്കെയായി പലരുംവന്നു നിറഞ്ഞു. അന്ത്യ കർമ്മങ്ങൾ ചെയ്യുവാൻ അർഹതപ്പെട്ടവർ ഈറനു ടുത്ത് വന്നു. മൃത്യുസ്ഥാനമുറിയിൽവെച്ച് ബ്രഹ്മാവിനും വിഷ്ണുവിനു മുള്ള കർമ്മങ്ങൾക്ക് ശേഷം പന്തലിലേക്ക് കൊണ്ടുവന്നു കിടത്തി.

കാൽക്കൽ വശം രുദ്രനും യമനും വേണ്ടി കർമ്മങ്ങൾ ചെയ്തശേഷം പരേതാത്മാവിന് വേണ്ടിയുള്ള കർമ്മങ്ങൾ തുടങ്ങും. ദർഭ കൊണ്ട് പവിത്രം കെട്ടി ഈറനണിഞ്ഞു സൂര്യഭഗവാനെ വണങ്ങി ഭൂമി തൊട്ടു വന്ദിച്ചു വിളക്കുകളിൽ പുഷ്പങ്ങൾ അർപ്പിച്ച ശേഷം പരേതാത്മാവിന് വേണ്ടിയുള്ള പ്രാർത്ഥനയുടെ മന്ത്രോച്ചാരണങ്ങൾ തുടങ്ങി. "അശ്വതി നക്ഷത്ര ജാതസ്യ വേലായുധൻ നാമധേയസ്യ ......"

ദുഃഖം തളംകെട്ടി നിന്ന ആ അന്തരീക്ഷത്തിലേക്ക് സാമ്പ്രാണിയുടെയും ചന്ദനത്തിന്റെയും സുഗന്ധം,കർപ്പൂരത്തിന്റെ തിരി നാളത്തിൽ ലയിച്ച് ചേർന്നു. അത് പിന്നീട് ദുഃഖം മൂടുപടമിട്ട മേലാപ്പിൽ അലിഞ്ഞില്ലാതായി.

* * *

മുറ്റത്ത് കളിച്ചുകൊണ്ടിരുന്ന അമ്പിളി ക്കുട്ടനും അശ്വതിയും എന്നെ നോക്കി തുള്ളിച്ചാടി ക്കൊണ്ട് വിളിച്ചുപറഞ്ഞു.
"അച്ഛമ്മേ...ദാ നമ്മുടെ മാവ് പൂത്തു...."

ബീനാമ്മ മുറ്റത്തേക്ക് ഇറങ്ങി വന്നു.

ഒരില പോലും കാണാത്ത രീതിയിൽ പൂത്തുലഞ്ഞു നിൽക്കുന്ന എന്റെ ചുവട്ടിലെ ആ തറയിൽ നിന്ന്, അമ്മ ഒരു മകളെ ആലിംഗനം ചെയ്യുന്നത് പോലെ എന്നെ ചേർത്തു പിടിച്ചു.





മെല്ലെ തലയുയർത്തി എന്നെ നോക്കിനിന്നു.
അപ്പോൾ ബീനമ്മയുടെ കണ്ണുകൾ നിറഞ്ഞിരുന്നു.

## കവിത

# അമ്മയും കുട്ടികളും



**സുഭാഷ് ചന്ദ്രൻ.**

അമ്മയാണെന്നുമെൻ ഉണ്മ
ആശ്രയമാണെന്നുമമ്മ.
ദീപ്തമായ് കൺമുന്നിൽ നിത്യം
തെളിയുന്ന ദീപ പ്രഭയാണെന്നമ്മ .

ശക്തിയാണെന്നുമെന്റമ്മ
എല്ലാം പൊറുക്കുമെന്നമ്മ
മാമറയായെന്നും നിൽപ്പൂ.
ശ്രേഷ്ഠ, വേദ പ്രകാശമാണമ്മ

മനസ്സിന്റെ താളത്തിലെന്നും
നല്ല താരാട്ടും കഥയുമായമ്മ
മക്കൾക്ക് മാർഗ്ഗത്തെ കാട്ടും
നല്ല അമ്പിളിക്കലയാണ് അമ്മ



ഞാനിന്നു വിസ്മയം പൂണ്ടു
നോക്കിക്കാണുന്നു, പൂന്തോട്ടമാകെ
പൂക്കൾ വിരിയുന്നതെല്ലാം
അതാ , ആനന്ദ നർത്തനം ചെയ് വൂ.

വളരട്ടെ കുഞ്ഞുങ്ങൾ പൂവായ്
നല്ല കനിയായി സദ്ഫലമേകാൻ
നല്ലൊരു പൂവാടിയായി ലോകം
കണ്ട്, ചാരിതാർത്ഥ്യത്താൽ നമിക്കാം.

**വനിതാ ദിനം കഴിഞ്ഞുവെങ്കിലും അമ്മമാരെ നമുക്ക് എന്നും ഓർക്കാം , നമിക്കാം!**

സുഭാഷ് ചന്ദ്രൻ

# സഹകരണ സംഘം ഭരണ സമിതി യോഗം

.

**കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ** 2024 ഏപ്രിൽ മാസത്തിലെ ഭരണ സമിതി യോഗം 12 – ാം തീയതി വെള്ളിയാഴ്ച്ച പ്രസിഡന്റ് എം.ജി. രാഘവന്റെ അദ്ധ്യക്ഷതയിൽ നടന്നു. **താഴെ കൊടുത്തിരിക്കുന്ന ഭരണ സമിതി അംഗങ്ങൾ പങ്കെടുത്തു.**

1. **.പി.എം. ജേക്കബ്ബ്**
2. **എം.ജി.രാഘവൻ**
3. **ത്രേസ്യാമ്മാ ആന്റണി**
4. **ആച്ചിയമ്മ എബ്രഹാം**
6. **സിറിൽ. ജോസ്.റ്റി.**
7. **എ.എൻ.രാജൻ**
8. **ഗോപകുമാർ. എൻ.**

**11 മണിക്ക് മൗനപ്രാർത്ഥനയോടെ യോഗടപടികൾ ആരംഭിച്ചു. ജോയിന്റ് സെക്രട്ടറി . സിറിൽ. ജോസ്.റ്റി.** സ്വാഗതം ആശംസിച്ചു. അദ്ധ്യക്ഷൻ ഉപക്രമത്തിൽ പുതിയ സാമ്പത്തിക വർഷം നമ്മുടെ സംഘത്തിന്റെ വളർച്ചയ്ക്കാവശ്യമായ ബിസ്സിനസ് തന്ത്രങ്ങൾ രൂപ വല്ക്കരിക്കാനും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് അംഗങ്ങൾ നിർദേശങ്ങൾ സമർപ്പി ക്കാനും അഭ്യർത്ഥിച്ചു. അംഗങ്ങൾ നിർദേശങ്ങൾ സമ ർപ്പിക്കണമെന്നും ചിരകാല അഭിലാഷങ്ങളായ ഓഫീസ് കെട്ടിടം, ഓൾഡ് ഏജ് ഹോം എന്നിവയുൾപ്പെടെയുള്ള കാര്യങ്ങൾ ഗൗരവമായി എടുക്കണമെന്നും നിർദേശി ച്ചു.

**കഴിഞ്ഞ മാസത്തിലെ ഭരണ സമിതി യോഗത്തിന്റെ മിനി ട്സ്, ജോയിന്റ് സെക്രട്ടറി സിറിൽ. ജോസ്. റ്റി.** അവത രിപ്പിച്ചു ചർച്ചകൾക്ക് ശേഷം **അംഗീകരിച്ചു.** മാസാ ന്ത്യ കണക്കുകൾ സെക്രട്ടറി **ത്രേസ്യാമ്മ ആന്റണി വിശ ദമായി യോഗത്തിൽ അവതരിപ്പിച്ചു ചർച്ച നടത്തി അംഗീകരിച്ചു.**

**തുടർന്ന് താഴെപ്പറയുന്ന കാര്യങ്ങൾ പരിഗണിക്കുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ് തു.**

## 1. പുതിയ അംഗങ്ങൾ

### എ ക്ലാസ്

**നാല് എ ക്ലാസ്സ് അംഗത്വത്തിനുള്ള അപേക്ഷകൾ പരിഗണിച്ചതിൽ നാലിനും അപേക്ഷിച്ച ഓഹരികൾ അനുവദിക്കുന്നതിനും "എ" ക്ലാസ് അംഗത്വം നല്കുന്നതിനും തീരുമാനിച്ചു.**

**പുതിയ അംഗങ്ങൾ :-**

1. **ലളിതമ്മ.ടി.സി. തകിടിപ്പറമ്പിൽ**
2. **കുരുവിളക്കുഞ്ഞ്.പി.ജെയിംസ്,പന്നിവേലിൽ**
3. **തോമസ്കുട്ടി ജോർജ്ജ്, കോളരിക്കൽ**
4. **എലിസബത്ത് സി. ജോർജ്ജ് കുറോത്ത്**

## 2.സി ക്ലാസ്സ്

**"സി" ക്ലാസ് അംഗത്വത്തിന് ഇത്തവണ 1 അപേക്ഷ പരിഗണിച്ചതിൽ അംഗത്വം നല്കുന്നതിന് തീരുമാന മായി.**

**പുതിയ സി.ക്ലാസ്സ് അംഗം :-**

1. **മിനി പന്നിവേലിൽ**

## 3. ജി.ഡി.സി.എസ് കുറികൾ നറുക്കെടുപ്പ്

**സൊസൈറ്റിയുടെ ജി.ഡി.സി.എസ് കുറികളുടെ 2024 ഏപ്രിൽ മാസത്തിലെ നറുക്കെടുപ്പ്നടന്നു. നറുക്കെടു പ്പിൽ വിജയികളായവരുടെ പേരു വിവരം സംഘം സെക്രട്ടറി ത്രേസ്യാമ്മ ആന്റണി യോഗത്തെ അറി യി ച്ചു. നറുക്കെടുപ്പിൽ താഴെപ്പറയുന്നവർ ജേതാക്കളായി.**

| ക്ര. നം. | ജി.ഡി. സി.എ സ്. നം. | സല (രൂപ) | | പേര് |
|---|---|---|---|---|
| 1 | XIII | 100,000 | | വി.ടി.കര്യൻ. |
| 2 | XIV | 100,000 | | എ.ജെ.തോമസ് |
| 3 | XV | 100,000 | | ജാൻസി ജോർജ്ജ് |
| 4 | XVI | 100,000 | | എൻ.സി.ജോസ് |
| 5 | XVII | 100,000 | | ജോസഫ്.കെ.ജെ |
| 6 | XVIII | 100,000 | | എൽസിക്കുട്ടി.വി.പി. |
| 7 | XIX | 25,000 | | ഉണ്ണിക്കുഞ്ഞ്.പി. |
| 8 | XX | 100,000 | | ജേക്കബ്ബ് തോമസ് |
| 9 | XXI | 100,000 | | ഡോളി മൈക്കിൾ |
| 10 | XXII | 100,000 | | കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215 |

**നറുക്ക് ലഭിച്ചവർക്ക് 2024 മേയ് മാസം 10–ാം തിയതി ജി.ഡി.സി.എസ് തുക കൊടുക്കുന്നതിന് തീരുമാനിച്ചു. അതിനായുള്ള ഫോറങ്ങൾ പൂരിപ്പിച്ച് ഓഫീസിൽ 10–ാം തിയതിക്ക് മുൻപായി എത്തിച്ച് തരണമെന്ന് സെക്രട്ടറി അറിയിക്കുന്നു.**

## 4 പുതിയ ജി.ഡി.സി.എസ് കുറികൾ

4000 രൂപ വീതം 25 പ്രതിമാസ തവണകൾ വരുന്ന ഒരു ലക്ഷം രൂപായുടെ 22-ാം നം. ജി.ഡി.സി.എസ് കുറി 2024 ഏപ്രിൽ മാസം ആരംഭിക്കുന്നതിന് യോഗം അനുമതി നല്കി.

### ജി.ഡി.സി.എസ് കുറി തുടങ്ങുന്നു

ഒരു ലക്ഷം രൂപ .
സല വരുന്നതും 4000 രൂപയുടെ 25 മാസ തവണകളും ആയ XXII -ാ മത് **ജി.ഡി.സി.എസ് കുറി ഏപ്രിൽ മാസം** തുടങ്ങി . ആദ്യത്തെ തവണയായ 4000 രൂപ
ചേർന്നവരുടെ അക്കൗണ്ടിൽ നിന്ന് 28 04 2024 സ്റ്റാന്റിംഗ് ഇൻസ്ട്രക്ഷൻ പ്രകാരം കുറവ് വരുമെന്ന് അറിയിക്കുന്നു . SI സെറ്റ് ചെയ്തതിൽ മെസ്സേജ് ഇതിനകം വന്നു കാണും.
**ജി.ഡി.സി.എസ് കുറി**യുമായി ബന്ധപ്പെട്ട SI ആണ് എന്ന് ഓർമ്മിപ്പിക്കുന്നു.
**സെക്രട്ടറി**

### XX1II-ാമത്തെ 50,000 രൂപയുടെ ജി.ഡി.സി.എസ് കുറി ഉടനെ തുടങ്ങുന്നു

2000 രൂപ വീതം 25 പ്രതിമാസ തവണകൾ വരുന്ന 50,000 രൂപായുടെ പുതിയ ജി.ഡി.സി.എസ് കുറി ഉടൻ ആരംഭിക്കുന്ന വിവരം സന്തോഷത്തോടെ അറിയിക്കുന്നു. അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി. കൂടുതൽ വിവരങ്ങൾക്ക് സെക്രട്ടറി . ത്രേസ്യാമ്മ ആന്റണിയെ വിളിക്കുക. 9446322416



ത്രേസ്യാമ്മ ആന്റണി .

# യൂറോപ്പിലൂടെ

## ഭാഗം - 1

### അവിസ്മരണീയമായ യാത്രാനുഭവങ്ങൾ




ബി.ബാലഗോപാൽ

### അവിസ്മരണീയമായ എന്റെ യാത്രാനുഭവങ്ങൾ

യാത്രകൾക്കും യാത്രാവിവരണങ്ങൾക്കും ഒരു വേനൽക്കാല അവധി കൊടുത്തു . ഔദ്യോഗിക ജീവിതത്തിനു ഒരു സെമി റിട്രീറ്റ്മെന്റ് മോഡിലേക്ക് മാറ്റി .അതേസമയം തന്നെ സാമൂഹിക ജീവിതത്തിലെ പ്രിയപ്പെട്ട പ്രവർത്തന മേഖലകളായ റോട്ടറി ക്ലബ്, കേരള മാനേജ്മെന്റ് അസോസിയേഷൻ എന്നീ സംഘടനകളിൽ ഉത്തരവാദിത്തപ്പെട്ട നേതൃത്വസ്ഥാനങ്ങളിൽ തിരക്കി നൊട്ടും കുറവില്ലാതെ കഴിയുകയായിരുന്നു ഇപ്പോൾ. ഈ കൊടും ചൂടിലും രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ പുലർകാലത്തു സുഹൃത്തുക്കളുമായുള്ള ടെന്നീസ് കളി നൽകുന്ന ശാരീരികവും മാനസികവു മായ ഊർജം ചെറുതല്ല ..

സാഹിത്യം അന്നും ഇന്നും എന്റെ ഒരു ഹോബിയോ പാഷനോ ആയിരുന്നില്ല ..അപ്പോഴാണ് രണ്ടു വർഷം മുൻപ് എന്റെ സുഹൃത്തും , വഴികാട്ടിയും നേതാവും അതിലുപരി അഭ്യുദയകാംഷിയുമായ എം.ജി. രാഘവൻ സർ യാത്രാവിവരണം എന്ന ഒരു ആശയം എന്നോട് പറഞ്ഞത്.. ഒരിക്കലും സാധിക്കില്ല എന്ന് കരുതിയ ഒരു സംരംഭം , എട്ടു ലക്കങ്ങളിലായി ' എന്റെ അമേരിക്കൻ യാത്രകൾ' എന്ന പേരിൽ ഒയാസിസിന്റെ താളുകളുകളിൽ അച്ചടിച്ചു വന്നപ്പോൾ ഉണ്ടായ സന്തോഷം പറഞ്ഞറിയിക്കാൻ വയ്യ രാഘവൻ സാറിന്റെ സഹായങ്ങളും പ്രചോദനവുമായിരുന്നു ഇതിനു പുറകിലെ പ്രധാന ചാലക ശക്തി ..

എഴുത്തിനെ കുറിച്ച് യാതൊരു ചിന്തയുമില്ലാതെ ഇരിക്കുമ്പോൾ കഴിഞ്ഞ മാസം രാഘവൻ സർ ഞാൻ പണ്ട് പറഞ്ഞ ഒരു വാഗ്ദാനം ഓർമപ്പെടുത്തി. പാരീസ് യാത്രയെ കുറിച്ച് ഒരു യാത്ര വിവരണം എഴുതാൻ ആവശ്യപ്പെട്ടു. 2023 ജൂൺ മാസം ഞാനും എന്റെ ആറു ടെന്നീസ് കളിക്കുന്ന സുഹൃത്തുക്കളുമായി പാരിസിലെ റോളണ്ട് ഗരോസ് സ്റ്റേഡിയത്തിൽ ഫ്രഞ്ച് ഓപ്പൺ ടെന്നീസ് ടൂർണമെന്റ്

കാണാൻ പോയതിന്റെ പശ്ചാത്തലത്തിൽ ആയിരുന്നു ഈ ആവശ്യം ..

സുദീർഘമായ 10 വാല്യങ്ങളിലായി മാത്യു അടക്കാമുണ്ടക്കൻ സാറിന്റെ വിശദമായ യു.കെ. ഡയറി കുറിപ്പിന് ശേഷം, **ശുഷ്കമായ** ഒരു പാരീസ് യാത്രയിൽ ഒതുക്കു**ന്നത് ഭംഗിയാവില്ലയെന്ന് തോന്നുന്നു. അതിനാൽ** 1986 മുതലുള്ള എ**ന്റെ** യൂറോപ്യൻ രാജ്യങ്ങളിലൂടെ പല തവണയായുള്ള യാത്രാനുഭവങ്ങൾ ക്രോഡീകരിക്കാനുള്ള ഒരു വലിയ ശ്രമത്തിനാണ് ഞാൻ. ചില ഡയറി കുറിപ്പുകളും, മറക്കാനാവാത്ത അനുഭവങ്ങൾ സമ്മാനിച്ച ആ യാത്രകൾ ഓ**ർമ്മി**ച്ചെടുത്തും ആണ് ഈ സാഹസത്തിനു ഞാൻ ഒരുങ്ങുന്നത് .

..

## പൂവ് ചോദിച്ചു. പൂക്കാലം തന്നു. വളരെ സന്തോഷം! ചീഫ് എഡിറ്റർ

എന്റെ അമേരിക്കൻ യാത്രാനുഭവങ്ങളുടെ രണ്ടാം ലക്കത്തിൽ ഞാൻ എന്റെ യൂറോപ്യൻ യാത്രയുടെ ഒരു സൂചന തന്നിരുന്നു ..

" 1986 ൽ റോട്ടറി ഇന്റർനാഷണലിന്റെ **Group Study Exchange prgramme** എന്ന ഒരു സ്കോളർഷിപ് പ്രോഗ്രാമിന് തിരഞ്ഞെടുക്കപ്പെടാനുള്ള ഭാഗ്യം എനിക്ക് ലഭിച്ചു . അത് വരെ കേരളത്തിന് പുറത്തു ഒന്നോ രണ്ടോ ട്രെയിൻ യാത്രയിൽ മാത്രം യാത്രാനുഭവങ്ങൾ ഒതുങ്ങിയിരുന്ന എനിക്ക് 40 ദിവസത്തേക്ക് ഡെന്മാർക്കെന്ന അതി മനോഹരമായ സ്കാന്ഡിനേവിയൻ രാജ്യത്തിലേക്ക് യാത്ര ചെയ്യാനും അവിടുത്തെ ജീവിത രീതികളും , സംസ്കാരവും അടുത്തറിയാനും ലഭിച്ച അവസരം ദൈവം തന്ന അനുഗ്രഹം എന്നല്ലാതെ ഞാൻ എന്ത് പറയാൻ!. അവസരം ലഭിക്കുകയാണെങ്കിൽ പിന്നോടൊരിക്കൽ ആ യാത്രകളിലെ അനുഭവങ്ങളും ഇവിടെ പങ്കു വെക്കാൻ ശ്രമിയ്ക്കാം .'

### ഏപ്രിൽ 4, 1986

കുടുംബാംഗങ്ങളും സുഹൃത്തുക്കളും ചേർന്ന് ആലുവ റെയിൽവേ സ്റ്റേഷനിൽ നിന്ന് എന്നെയും എറണാകുളത്തു നിന്നുള്ള ഗിരീഷ് പാലിയത് ഡോ.ഫിലിപ്പ് എന്നിവരെ യും യൂറോപ്യൻ രാജ്യങ്ങളിലേക്കു യാത്രയാക്കി. റോട്ടറി ക്ലബ് സ്പോൺസർ ചെയ്യുന്ന ഗ്രൂപ്പ് സ്റ്റഡി എക്സ്ചേഞ്ച് എന്ന അന്താരാഷ്ട്ര പരിപാടിയുടെ ഭാഗമായിട്ട് സുദീർഘമായ 55 ദിവസത്തെ ഡെന്മാർക്ക് അടക്കമുള്ള യൂറോപ്യൻ രാജ്യങ്ങളിലേക്കായിരുന്നു യാത്രയയപ്പ് . കേരളത്തിലും തമിഴ്നാടിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഞങ്ങൾ അഞ്ചു പേരും, റോട്ടറി ക്ലബ്ബിൽ നിന്നുള്ള ടീം ലീഡർ കൃഷ്ണ സ്വാമിയും ഉൾക്കൊള്ളുന്നതായിരുന്നു ഞങ്ങളുടെ ടീം. എറണാകുളത്തു നിന്ന് മേല്പറഞ്ഞവരെ കൂടാതെ കോയമ്പത്തൂരിൽ ഡോ. രാജ സഭാപതി, കൃഷ്ണകുമാർ എന്നിവരുമാണ് ടീമിൽ ഉണ്ടായിരുന്നത്.

ആലുവയിൽ നിന്ന് കോയമ്പത്തൂരെത്തിയ ഞങ്ങൾ ഒരു ദിവസത്തെ പരിശീലനത്തിന് ശേഷം മുംബൈയ്ക്ക് പോയി. അവിടെ നിന്ന് 1986 ഏപ്രിൽ 6 നു- എയർ ഇന്ത്യ ഫ്ലൈറ്റിൽ ഫ്രാങ്ക്ഫർട്ടിലേക്കും, സ്കാന്ഡിനേവിയൻ എയർലൈൻസ് വിമാനത്തിൽ ഡെന്മാർക്കിന്റെ തലസ്ഥാനമായ കോപ്പൻ ഹേഗനിലേക്കും യാത്രയായി ...


Mathrubhumi
April 2, 1986

ബി. ബാലഗോപാൽ ഡെൻമാർക്കിലേക്ക്

പറവൂർ: റോട്ടറി ഇൻറർനാഷണൽ ഗ്രൂപ്പ് സ്റ്റഡി എക്സ്ചേഞ്ച് പരിപാടിയുടെ ഭാഗമായി ഡെന്മാർക്കിൽ പര്യടനം നടത്തുവാൻ കേരളവും തമിഴ്നാടും ഉൾക്കൊള്ളുന്ന റോട്ടറി ഡിസ്ട്രിക്ട് 320—ൽ നിന്ന് പറവൂർ റോട്ടറാക്ട് ക്ലബ്ബിൻെറ മുൻ പ്രസിഡണ്ട് റോട്ടറാക്ടർ ബി. ബാലഗോപാലിനെ തെരഞ്ഞെടുത്തു. സ്റ്റേററ് ബാങ്ക് ഓഫ് ഇന്ത്യയിലെ ഉദ്യോഗസ്ഥനായ ബാലഗോപാൽ ബുധനാഴ്ച ഡെന്മാർക്കിലേയ്ക്ക് പുറപ്പെടും.

കെടാമംഗലം പള്ളച്ചവീട്ടിൽ ആർ.വി. കുറുപ്പിൻെറയും പത്മാവതി അമ്മയുടേയും മകനാണ് ബാലഗോപാൽ.

പറവൂർ റോട്ടറാക്ട് ക്ലബ്ബിൻെറ ആഭിമുഖ്യത്തിൽ പറവൂർ റോട്ടറി ഹാളിൽ നടത്തിയ യാത്രയയപ്പ് യോഗത്തിൽ റോട്ടറി ഇൻറർനാഷണൽ ഡിസ്ട്രിക്ട് 320—ൻെറ ഗവർണറുടെ ഗ്രൂപ്പ് പ്രതിനിധി ഡോ. സി.വി. ശ്രീനിവാസൻ മുഖ്യാതിഥിയായിരുന്നു. റോട്ടറാക്ട് ക്ലബ്ബ് പ്രസിഡണ്ട് സി.ടി. റപ്പായി ആദ്ധ്യക്ഷ്യം വഹിച്ചു. കെ. എം. വർഗീസ് കളത്തറ ടി. സന്തോഷ് ട്രി. സതീഷ് മേനോൻ ഡോ: സി. എം. രാധാകൃഷ്ണൻ, പി. ദേവദാസ് മേനോൻ ബിനു ബി. റാഫേൽ, ഷാജി കുര്യൻ, എ. കെ. രാധാകൃഷ്ണൻ, രാജീവ്കുമാർ എന്നിവർ സംസാരിച്ചു. ക്ലബ്ബ് സെക്രട്ടറി ബോബി ചെറിയാൻ നന്ദി പറഞ്ഞു.

ബി. .ബാലഗോപാലിനെ ഡെന്മാർക്കിലേയ്ക്കുള്ള യാത്രയ്ക്ക് തിരഞ്ഞെടുത്തപ്പോൾ മാതൃഭൂമി ദിനപ്പത്രത്തിൽ പ്രസിദ്ധീകരിച്ചു വന്ന വാർത്ത

# റോട്ടറി ക്ലബ്ബിന്റെ ഗ്രൂപ്പ് സ്റ്റഡി എക്സ്ചേഞ്ച് പ്രോഗ്രാം

**റോട്ടറി ഫൗണ്ടേഷന്റെ ഗ്രൂപ്പ് സ്റ്റഡി എക്സ്ചേഞ്ച് (GSE) പ്രോഗ്രാം, തങ്ങളുടെ കരിയറിന്റെ പ്രാരംഭ ഘട്ടത്തിലുള്ള 25 നും 40 നും ഇടയിൽ പ്രായമുള്ള ബിസിനസുകാർക്കും പ്രൊഫഷണലുകൾക്കും ഒരു സവിശേഷമായ സാംസ്കാരികവും തൊഴിൽപരവുമായ കൈമാറ്റ അവസരമാണ്. വിവിധ രാജ്യങ്ങളിലെ നാല് ടീം അംഗങ്ങളും ഒരു റൊട്ടേറിയൻ ടീം ലീഡറുമുള്ള പ്രൊഫഷണൽ പഠന ഗ്രൂപ്പുകളെ അയയ്ക്കാനും സ്വീകരിക്കാനും വിവിധ രാജ്യങ്ങളിലെ റോട്ടറി ഡിസ്ട്രിക്റ്റുകൾ ജോടിയാക്കിയിട്ടുണ്ട് . ജോടിയാക്കിയ പ്രദേശങ്ങളിലെ സന്ദർശനങ്ങൾ കൈമാറുന്നതിന് ടീമുകൾക്ക് യാത്രാ ഗ്രാന്റുകൾ പ്രോഗ്രാം നൽകുന്നു.**

**നാല് മുതൽ ആറ് ആഴ്ച വരെ ഉള്ള ഈ പ്രോഗ്രാമിൽ വിവിധ റോട്ടറി അംഗങ്ങളുടെ കുടുംബത്തോടൊപ്പമാണ് താമസം ഒരുക്കുന്നത്. ടീം അംഗങ്ങൾ ആതിഥേയ രാജ്യത്തിന്റെ സംസ്കാരവും തൊഴിൽസ്ഥാപനങ്ങളു മായി ബന്ധപ്പെട്ട കാര്യങ്ങൾ അറിഞ്ഞും അനുഭ വിച്ചും അറിവുകൾ പങ്കുവെച്ചും സജീവമായിരിക്കുന്നു, വിദേശത്ത് അവരുടെ തൊഴിലുകൾ എങ്ങനെ പ്രയോഗിക്കുന്നുവെന്ന് നിരീക്ഷിക്കുന്നു, വ്യക്തിപരവും തൊഴിൽ പരവുമായ ബന്ധങ്ങൾ വികസിപ്പിക്കുകയും ആശയങ്ങൾ കൈമാറുകയും ചെയ്യുന്നു. ഒരു സാധാരണ നാലാഴ്ചത്തെ ടൂറിൽ, അപേക്ഷകർ അഞ്ച് മുഴുവൻ ദിവസത്തെ വൊക്കേഷണൽ സന്ദർശനങ്ങൾ, 15 മുതൽ 20 വരെ ക്ലബ്ബ് അവതരണങ്ങൾ, 10 മുതൽ 15 വരെ ഔപചാരിക സന്ദർശനങ്ങൾ, സാമൂഹിക പരിപാടികൾ, ജില്ലാ സമ്മേളനത്തിൽ രണ്ടോ മൂന്നോ ദിവസം, സാംസ്കാരിക ദിനത്തിൽ മൂന്ന് മുതൽ നാല് മണിക്കൂർ വരെ പങ്കെടുക്കുന്നു. കൂടാതെ സൈറ്റ് ടൂറുകൾ, ഹോസ്റ്റ് കുടുംബങ്ങൾക്കൊപ്പം ദിവസത്തിൽ മൂന്നോ നാലോ മണിക്കൂർ സൗജന്യ സമയം. എന്നിവയും നൽകും.**

**തൽഫലമായി, ആതിഥേയ പ്രദേശത്തെ റോട്ടേറിയൻമാർ അവരുടെ ജില്ലയ്ക്കുള്ളിൽ ഭക്ഷണം, താമസം, ഗ്രൂപ്പ് യാത്ര എന്നിവ നൽകുകയും തങ്ങളുടെ അതിഥികളെ ആദരിക്കുന്നതിനും അവരുടെ വൈദഗ്ധ്യമുള്ളവരുമായി തൊഴിൽ സന്ദർശനങ്ങൾ നടത്തുന്നതിനും റിസപ്ഷനുകൾ സംഘടിപ്പിക്കുന്നതിനും ഏർപ്പാടുകൾ ഉണ്ടാക്കുകയും ചെയ്യുന്നു.**

**1965-ൽ റോട്ടറി ഫൗണ്ടേഷൻ ആരംഭിച്ച ഈ പ്രോഗ്രാം വ്യക്തിപരം, കമ്മ്യൂണിറ്റി, അന്തർദേശീയ തലങ്ങളിൽ വിജയകരമായ ഒരു ജയപരാജയങ്ങളുടെ കണക്ക് സൃഷ്ടിച്ചു. നല്ല ആസൂത്രണം, ലക്ഷ്യബോധമുള്ള യാത്രാക്രമം, അർപ്പണബോധമുള്ള റോട്ടേറിയൻമാരുടെ സജീവ പങ്കാളിത്തം എന്നിവയോടൊപ്പം, സന്ദർശിക്കുന്ന GSE ടീമിനും പ്രാദേശിക റൊട്ടേറിയൻമാർക്കും ഇത് ഒരു അസാധാരണമായ വ്യക്തിത്വ വികസന അനുഭവമായി തീർന്നു .**

**ഈ യാത്ര എന്റെ മാത്രമല്ല കൂടെയുള്ള മറ്റ് നാലു പേരുടെയും ജീവിതത്തിൽ വരുത്തിയ സ്വാധീനം പറഞ്ഞറിയിക്കുന്നതിലും വലുതായിരുന്നു ..**




..
**കോപ്പൻഹേഗനിലെ പ്രധാനപ്പെട്ട സേവിങ്സ് ബാങ്ക് ആയ ലോലൻഡ് ബാങ്കിന് മുൻപിൽ ഞങ്ങളുടെ ടീം**

**ഞങ്ങൾ മുംബയിൽ നിന്ന് തിരിക്കുമ്പോൾ നല്ല ചൂടുള്ള കാലാവസ്ഥ ആയിരുന്നു . ഏകദേശം 35 ഡിഗ്രി. ഡെൻമാർക്ക് ഒരു സ്കാന്ഡിനേവിയൻ രാജ്യമായിരുന്നതിനാൽ തണുത്ത കാലാവസ്ഥയാണെന്നു അറിയാമായിരുന്നെങ്കിലും , ഒരു ജാക്കറ്റും സ്വെറ്ററും കൊണ്ട് അതിജീവിക്കാം എന്നാണ് ഞങ്ങൾ കരുതിയത് . എന്നാൽ ഞങ്ങൾ കോപ്പൻഹേഗനിൽ വിമാനം ഇറങ്ങുമ്പോൾ താപനില -2 ഡിഗ്രി ആയിരുന്നു . ഞങ്ങളെ സ്വീകരിക്കാൻ വന്ന റോട്ടറി കുടുംബാംഗങ്ങൾ ഇത് പ്രതീക്ഷിച്ചിരുന്നതുകൊണ്ടു ഞങ്ങൾക്ക് ധരിക്കാൻ വലിയ ഓവര്കോട്ടുമായിട്ടാണ് വന്നിരുന്നത്.**

**1986 ലെ ഡെൻമാർക്ക് ഞങ്ങൾക്കെല്ലാവർക്കും ചിന്തിക്കാൻ കഴിയുന്നതിലപ്പുറമുള്ള വികസിത രാജ്യമായിരുന്നു. നമുക്ക് ഒരു ലാൻഡ് ലൈൻ ടെലിഫോൺ കണക്ഷന് വേണ്ടി നാലു കൊല്ലത്തോളം കാത്തിരിക്കേണ്ടി വന്നിരുന്ന കാലം .. എയർപോർട്ടിൽ നിന്ന് എന്റെ ആദ്യത്തെ ആതിഥേയന്റെ കൂടെ കാറിൽ വീട്ടിലേക്കു പോകുമ്പോൾ , വീട്ടിലേക്ക് ഒന്ന് ഫോൺ ചെയ്യാൻ സൗകര്യം ഒരുക്കണം എന്ന് പറഞ്ഞു . .ഉടനെ തന്നെ കാറിന്റെ ഡാഷ് ബോർഡിൽ നിന്ന് ഒരു ഫോൺ എടുത്തു എന്നോട് വീട്ടിലേക്കു വിളിച്ചോളാൻ പറഞ്ഞു. അക്ഷരാർഥത്തിൽ ഞാൻ ഞെട്ടിപ്പോയി. . സാങ്കേതികവിദ്യയിൽ ഡെൻമാർക്ക് എത്രത്തോളം മുന്നിലാണെന്ന് തിരിച്ചറിഞ്ഞ പല സംഭവങ്ങളിൽ ആദ്യത്തേത് മാത്രമാണ് ഇത്..**

**വീട്ടിലെത്തിയപ്പോൾ ആദ്യം നമ്മുടെ ബെഡ് റൂം കാട്ടി തന്നിട്ട് പിന്നെ പരിചയപ്പെടുത്തിയത് ബാത്റൂം ആണ്.. ഇന്ന് നമ്മൾക്ക് സുപരിചിതം എന്ന് തോന്നാമെങ്കിലും , ഹോട് ആൻഡ് കോൾഡ് വാട്ടർ ഷവർ, മിക്സർ, കൈയ്യിൽ പിടിച്ച് കുളിക്കാവുന്ന ധാരാസ്നാനയന്ത്രം, തുടങ്ങിയ ആധുനിക സൗകര്യങ്ങളായിരുന്നു എല്ലാ വീടുകളിലും.. അത് പരിചയപെടുത്തിയില്ലെങ്കിൽ ഉണ്ടാകാവുന്ന അപകടം അവർ തിരിച്ചറിഞ്ഞു എന്നത് വലിയ ഭാഗ്യം.**

# ഡെൻമാർക്ക്

**വടക്കൻ യൂറോപ്പിൽ സ്കാൻഡിനേവിയൻ പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഒരു പ്രമുഖ രാജ്യമാണ് ഡെന്മാർക്ക്. ജട്ട്ലാൻഡ് പെനിൻസുലയും നിരവധി ദ്വീപുകളും അടങ്ങുന്ന ഒരു സ്കാൻഡിനേവിയൻ രാജ്യമാണിത്.** ഡെന്മാർക്കിനെയും അയൽ രാജ്യങ്ങളായ സ്വീഡൻ, നോർവേ എന്നീ രാജ്യങ്ങളെയും ചേർത്ത് സ്കാന്ഡിനേവിയൻ രാജ്യങ്ങൾ എന്നാണ് വിളിക്കുന്നത്. ഭരണഘടനാനുസൃത രാജവാഴ്ച നിലനിൽക്കുന്ന ഈ രാജ്യം യൂറോപ്യൻ

യൂണിയൻ, നാറ്റോ എന്നിവയിൽ അംഗമാണ്. ഔദ്യോ ഗിക നാമം: കിങ്ഡം ഒഫ് ഡെൻമാർക്. 1849 ജൂൺ 05 ന് നിലവിൽ വന്ന ഭരണഘടന രാജാവിന്റെ പരമാധികാരം അവസാനി പ്പിക്കുകയും, ഭരണഘടനാനുസൃതമായ രാജവാഴ്ചയും, പാർലമെന്ററി ജനാധിപത്യവും സ്ഥാപിക്കുകയും ചെയ്തു. രാഷ്ട്ര തലവൻ ഇപ്പോഴും രാജനേതൃത്വം ആണെകിലും, ഭരണതലവൻ ജനാതിപത്യ രീതിയിൽ തിരഞ്ഞെടുക്കപ്പെടുന്ന പ്രധാന മന്ത്രിയാണ്. കോപ്പൻഹേഗൻ, അതിന്റെ തലസ്ഥാനം ആണ് ഒറെസണ്ട് പാലം വഴി ഇത് അടുത്തുള്ള സ്വീഡനുമായി ബന്ധിപ്പിച്ചിരിക്കുന്നു.

**മധ്യകാല ഡാനിഷ് വാസ്തുവിദ്യയുടെ മകുടോദാഹ രണങ്ങളായി പ്രശോഭിക്കുന്ന നിരവധി കൊട്ടാരങ്ങളും കതീഡ്രലുകളും ആധുനിക കെട്ടിട സമുച്ചയങ്ങളും അധിവാ സകേന്ദ്രങ്ങളും കൊണ്ട് മനോഹരമാണ് ഡെൻമാർക്കിലെ നഗരങ്ങൾ. രാജകൊട്ടാരങ്ങളും വർണ്ണാഭമായ നിഹാവൻ തുറമുഖവും ടിവോലി അമ്യൂസ്മെന്റ് പാർക്കും 'ലിറ്റിൽ മെർമെയ്ഡ്' പ്രതിമയും ആകർഷണങ്ങളിൽ ചിലതാണ് .**

# കോപ്പൻഹേഗൻ

**ഡെന്മാർക്കിന്റെ തലസ്ഥാനമാണ് കോപ്പൻഹേഗൻ ഡെന്മാർക്കിലെ ഏറ്റവും വലിയ നഗരമാണ്. ഇവിടത്തെ ജനസംഖ്യ 1,875,179 ആണ്. സിലാന്റ് (Sjælland), അമാർ എന്നീ ദ്വീപുകളിലായാണ് നഗരം സ്ഥിതിചെയ്യുന്നത്. 1160-67 ൽ ബിഷപ്പ് അബ്സലൺ ആണ് ഈ നഗരം സ്ഥാപിച്ചത്.**

## ചരിത്രം

പത്താം നൂറ്റാണ്ടിൽ ഒരു മത്സ്യബന്ധന പട്ടണമായി വൈക്കിംഗുകൾ സ്ഥാപിച്ചതാണ് കോപ്പൻഹേഗൻ. പ്രകൃതിദത്ത തുറമുഖത്തിന്റെ സാന്നിധ്യവും മത്തിയുടെ വർദ്ധിച്ച മത്സ്യബന്ധനവും വ്യാപാരവുമായി നഗരത്തി ന്റെ വികാസവും വളർച്ചയും നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. 15-ാം നൂറ്റാണ്ടിൽ കൽമാർ യൂണിയൻ രൂപീകരണത്തിന് ശേഷം കോപ്പൻഹേഗൻ ഡെന്മാർക്കിന്റെ തലസ്ഥാനമായി മാറി. തുടർന്നുള്ള നൂറ്റാണ്ടുകളിൽ വിദ്യാഭ്യാസം, രാഷ്ട്രീയം, വാണിജ്യം, സംസ്കാരം എന്നിവയുടെ പ്രധാന കേന്ദ്രമായി നഗരത്തിന്റെ വളർച്ച കണ്ടു. കോപ്പൻഹേഗൻ സർവകലാ ശാല ഉൾപ്പെടെ നിരവധി സുപ്രധാന സ്ഥാപനങ്ങൾ സ്ഥാപിക്കപ്പെട്ടു. 18-ാം നൂറ്റാണ്ടിൽ, നഗരത്തിന് രണ്ട് വലിയ തീപിടുത്തത്തിൽ നാശനഷ്ടമുണ്ടായി, ഇത് നിലവിലുള്ള കെട്ടിടങ്ങളിൽ ഭൂരിഭാഗവും നശിപ്പിക്കുകയും ആയിരക്കണക്കിന് ആളുകളുടെ ജീവൻ അപഹരിക്കുകയും ചെയ്തു, ഇരുപതാം നൂറ്റാണ്ട് എ സുവർണ്ണ കാലഘട്ടത്തിൽ, സംസ്കാരം, കല, വാസ്തുവിദ്യ എന്നിവയിൽ ഡാനിസ് വൻ വളർച്ച കൈവരിച്ചു.

# നിഹാവാൻ തുറമുഖം



നിഹാവാൻ തുറമുഖം

**നിഹാവൻ (ന്യൂ ഹാർബർ) ഡെന്മാർക്കിലെ കോപ്പൻഹേഗനിലുള്ള 17–ാം നൂറ്റാണ്ടിലെ ഒരു വാട്ടർ ഫ്രണ്ട്, കനാൽ, വിനോദ ജില്ലയാണ്. കോംഗൻസ് നൈറ്റോവ് മുതൽ റോയൽ പ്ലേഹൗസിന് തെക്ക് ഹാർബർ ഫ്രണ്ട് വരെ നീണ്ടുകിടക്കുന്ന ഇത് 17-–ാം നൂറ്റാണ്ടിലെയും 18–ാം നൂറ്റാണ്ടിന്റെ തുടക്കത്തിലെയും ടൗൺഹൗസുകളും ബാറുകളും കഫേകളും റെസ്റ്റോറന്റുകളും കൊണ്ട് നിറഞ്ഞിരിക്കുന്നു. കനാലിൽ നിരവധി ചരിത്രപരമായ തടി കപ്പലുകൾ ഉണ്ട്.**

# ലിറ്റിൽ മെർമെയ്ഡ് (പ്രതിമ)

**കോപ്പൻഹേഗനിലെ വിഖ്യാതമായ ലിറ്റിൽ മെർമെയ്ഡ് ശില്പം ഒരു പ്രധാന ആകർഷണമാണ് എഡ്വാർഡ് എറിക്സന്റെ വെങ്കല പ്രതിമയാണ് ലിറ്റിൽ മെർമെയ്ഡ്, ഒരു മത്സ്യകന്യക മനുഷ്യനാകുന്നതിനെ ചിത്രീകരിക്കുന്നു. ഡെൻമാർക്കിലെ കോപ്പൻഹേഗനിലെ ലാംഗലിനി പ്രൊമെനേഡിലെ ജലാശയത്തിനരികിലുള്ള പാറയിലാണ് ഈ ശിൽപം പ്രദർശിപ്പിച്ചിരിക്കുന്നത്. ഇതിന് 1.25 മീറ്റർ ഉയരവും 175 കിലോഗ്രാം ഭാരവുമുണ്ട്.**



**ലിറ്റിൽ മെർമെയ്ഡ്**

**..അന്ന് ഡിജിറ്റൽ ഫോട്ടോഗ്രാഫിയുടെ അഭാവത്തിൽ ഇതിനു മുൻപിൽ നിന്നെടുത്ത ചിത്രങ്ങളും മറ്റനവധി ചിത്രങ്ങളും നഷ്ടപ്പെട്ടു ..**

## ടിവോലി ഗാർഡൻസ്

**ഡെന്മാർക്കിലെ കോപ്പൻഹേഗനിലുള്ള ടിവോലി ഗാർ ഡൻസ് ഒരു ഉല്ലാസ ഉദ്യാനവും ഒരു അമ്യൂസ്മെന്റ് പാർ ക്കുമാണ്, 1863ൽ ഡെൻമാർക്കിലെ കോപ്പൻഹേഗനിൽ തുറ ന്നു,. ലോകത്തിലെ രണ്ടാമത്തെ ടെസ്റ്റ് ഓപ്പറേറ്റിംഗ് ഏജന്റ് പാർക്ക്, യൂറോപ്പിൽ ഏറ്റവും കൂടുതൽ ആളുകൾ സന്ദർ ശിക്കുന്ന അഞ്ചാമത്തെ പാർക്ക്, സ്കാൻഡിനേവിയയിലെ ഏറ്റവും കൂടുതൽ വോട്ട് ചെയ്ത തീം പാർക്ക് എന്നിങ്ങ നെയാണ് ടക്ക് ഗാർഡൻസിന്റെ പ്രത്യേകതകൾ.**

**1843 ഓഗസ്റ്റ് 15-ന് തുറന്ന ഈ പാർക്ക് ലോകത്തിലെ മൂന്നാമത്തെ ഏറ്റവും പഴക്കമുള്ള അമ്യൂസ്മെന്റ് പാർക്കാണ്. ഇപ്പോൾ എല്ലാ മാസങ്ങളിലും പാർക്ക് തുറന്നിരിക്കുന്നുണ്ടെങ്കിലും 1986ൽ ജൂൺ 1–ാം തിയതിക്ക് ശേഷമേ തുറക്കുമായിരുന്നൊള്ളു അതു കൊണ്ട് ടിവോലി ഗാർഡൻസ് സന്ദർശിക്കാനുള്ള ഭാഗ്യം ഞങ്ങൾക്ക് ലഭിച്ചില്ല ...**



ടിവോലി ഗാർഡൻസ്സിന്റെ വർണ്ണാഭമായ കാഴ്ച്ച

ടിവോളിയിൽ പലതരം ആകർഷണങ്ങൾ ഉൾപ്പെടുന്നു: ഒരു സാങ്കൽപ്പിക ഓറിയന്റിന്റെ വിചിത്രമായ ശൈലിയിലുള്ള കെട്ടിടങ്ങൾ: ഒരു തിയേറ്റർ, ബാൻഡ് സ്റ്റാൻഡുകൾ, റെസ്റ്റോറന്റുകൾ, കഫേകൾ, പൂന്തോട്ടങ്ങൾ, മെറിഗോറൗണ്ട്, പ്രാകൃതമായ റെയിൽപ്പാത എന്നിങ്ങനെയുള്ള മെക്കാനിക്കൽ അമ്യൂസ്മെന്റ് റൈഡുകൾ. . ഇരുട്ടിനു ശേഷം, നിറങ്ങളിലുള്ള വിളക്കുകൾ പൂന്തോട്ടങ്ങളെ പ്രകാശിപ്പിച്ചു.



ടിവോലി ഗാർഡൻസ്

ചില സായാഹ്നങ്ങളിൽ, പ്രത്യേകം രൂപകല്പന ചെയ്ത പടക്കങ്ങൾ ടിവോലി തടാകത്തിൽ പ്രതിഫലിക്കുന്നത് കാണാമായിരുന്നു, .



## റോസെൻബെർഗ് കൊട്ടാരം

കോപ്പൻഹേഗന്റെ മധ്യഭാഗത്താണ് റോസൻബർഗ് സ്ഥിതി ചെയ്യുന്നത്. ഇത് 400 വർഷമായി ഡാനിഷ് രാജാക്കന്മാരുടെയും രാജ്ഞിമാരുടെയും ഏറ്റവും വിലയേറിയ നിധികൾ സൂക്ഷിക്കുന്ന കൊട്ടാരമാണ് 1606-1607 കാലഘട്ടത്തിൽ ക്രിസ്റ്റ്യൻ നാലാമന്റെ ഉത്തരവ് പ്രകാരം ഒരു സമ്മർ ഹൗസ് എന്ന നിലയിലാണ് ഈ കോട്ട നിർമ്മിച്ചത്.



റോസെൻബെർഗ് കൊട്ടാരം

1986 ലെ ഡെൻമാർക്ക് സന്ദര്ശനത്തോടപ്പവും അതിനു ശേഷവും പല യൂറോപ്യൻ രാജ്യങ്ങളും സന്ദർശിക്കാൻ അവസരം ലഭിച്ചെങ്കിലും , ഡെൻമാർക് , ഒരാദ്യ പ്രണയം പോലെ എനിക്ക് പ്രിയപ്പെട്ടതാണ്



കൊട്ടാരത്തിലെ വിലയേറിയ കാഴ്ച്ചവസ്തുക്കൾ




കൊട്ടാരത്തിന്റെ ഉൾവശം

അത് കൊണ്ട് ഒരു ലക്കം കൂടി ഡാനിഷ് വിശേഷങ്ങൾ പങ്കു വെക്കാൻ ആഗ്രഹിക്കുന്നു. അടുത്ത ലക്കത്തിൽ കാണും വരെ എല്ലാവർക്കും റംസാൻ , വിഷു ആശംസകൾ നേർന്നു കൊള്ളട്ടെ.

**(തുടരും.........)**


# നർമ്മ വീഥി






Teacher: Explain digestive system?
Student: It is a process that starts with right hand and ends with left hand.



# കൗതുക വാർത്തകൾ

India once had this facility: Lahore, 1930!



**ലോകത്തെ ഏറ്റവും വികസിത രാജ്യങ്ങളിലൊന്നും ഇന്നും ഈ സൗകര്യം ഇല്ല. ഇൻഡ്യയിലിത് പണ്ടേ യുണ്ട്. 1930 ൽ ലാഹോറിൽ നിന്നുള്ള ദൃശ്യം!!**



"വളരുന്ന സമയവും വരളുന്ന സമയവും എല്ലാവർക്കും ഉണ്ട്. അവന്റെയൊപ്പം എത്തുന്നില്ല എന്നത് അസൂയയും എന്റെ യൊപ്പം ആരുമില്ല എന്നത് അഹങ്കാരവുമാണ്.."

# വായനക്കാർ എഴുതുന്നു




## മലയാളത്തിനായി ഒന്ന് അമർത്തുക...."

"നോൺ വെജിറ്ററിനായി രണ്ടു അമർത്തുക ",
"ചൂട് വെള്ളത്തിനായി മൂന്നു അമർത്തുക ".....
ഇങ്ങനെ പോകുന്നു ടെലിഫോൺ വഴിയുള്ള അന്വേഷണ ങ്ങൾക്കു മറുപടി.

സർക്കാർ - പൊതുമേഖലാ സേവനങ്ങളെപറ്റിയുള്ള ഏതു അന്വേഷണങ്ങൾക്കും ഇത്തരം മറുപടികൾ കേട്ടു, നല്ല പഠിത്തമുള്ളവരും മരച്ചു നിൽക്കുകയാണ്.

ഒരു പത്തു കൊല്ലത്തേക്ക് കൂടി ( എനിക്ക് പ്രായം 73 ), പഴയ രീതിയിലുള്ള വാക്ക് കൊണ്ടും നാക്കു കൊണ്ടും ചോദിച്ചു പറയുന്ന ചോദ്യോത്തര രീതി ഭരണ മേഖലകൾ തുടരണമെന്ന് അപേക്ഷിക്കുകയാണ്. ഈ "അമർത്തുന്ന" സമ്പ്രദായം പ്രായം ചെന്നവരെ വല്ലാതെ അമർത്തിക്കളയുന്നു!

"അമർത്തൽ " പത്തു വർഷത്തേക്കുകൂടി നീട്ടിവയ്ക്കൂ. ഒരു കാർ കച്ചവടകടയിലേക്ക് ഒന്ന് വിളിച്ചു പോയി, സെയിൽ കഴിഞ്ഞായിരുന്നു..!



പി.പി.ഫിലിപ്പ്,
വൈക്കം ഏരിയാ കമ്മിറ്റി കൺവീനർ

# 2024ഏപ്രിൽ മാസം വിരമിക്കുന്നവരോട്

പ്രിയപ്പെട്ടവരെ,
53 പേരാണ്. 2024 ഏപ്രിൽ അവസാനം സർവീസ് പൂർത്തിയാക്കി വിരമിക്കുന്നത്. വരും മാസങ്ങളിലും ഏറെപ്പേർ ബാങ്കിന്റെ പടിയിറങ്ങുകയാണ്. ജീവിതത്തിന്റെ ഒരു ഭാഗമായിരുന്ന വലിയ ഒരു ബാങ്കിങ് പ്രസ്ഥാനത്തോട് വിട പറയുന്നു. യാത്ര അയപ്പ് സമ്മേളനങ്ങളിൽ സാക്ഷികളാകണമെന്നു നിങ്ങളുടെ സീനിയർസ് ആയ ഞങ്ങൾക്ക് എല്ലാവർക്കും ആഗ്രഹമുണ്ടായിരുന്നു പക്ഷേ എല്ലാവർക്കും അതിന് സാധിച്ചെന്ന് വരുകയില്ല. ഇത്ര നാളും സജീവമായി ഔദ്യോഗിക രംഗത്ത് പ്രവർത്തിച്ചിരുന്നവർക്ക് പെട്ടെന്ന് ഒരു ശൂന്യതാ ബോധവും ആലസ്യവുംതോന്നാനിടയുണ്ട്. എന്നാൽ ഏറെ ക്രിയാത്മകവും ആത്മസംതൃപ്തി യേകുന്നതുമായ, തങ്ങളുടേത് മാത്രമായ, തിരക്കേറിയ പ്രവർത്തി മണ്ഡലം നമ്മളെ കാത്തിരിക്കുന്നുവെന്നതാണ് വാസ്തവം. ഏറ്റ

വും പ്രിയപ്പെട്ട മനസ്സിനിണങ്ങിയ വിനോദവൃത്തികളിലേർപ്പെടുവാനും, വിനോദയാത്രകൾ, ആഘോഷങ്ങൾ എന്നിവകൾ നടത്തുവാനും ഒത്തു ചേരലിലുമെല്ലാം സജീവമാകുവാനും പോവുകയാണ് ഇനി.

ഓർക്കുക, ബാങ്കുമായി നമ്മുടെ ബന്ധം വേറിട്ടു കഴിഞ്ഞു. നമുക്ക് നാം മാത്രമാണിനി ആശ്രയം. അംഗീകൃത സംഘടനയായ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനിൽ ചേർന്ന് നമുക്കൊരുമിച്ച് നില്ക്കാം. സ്വാഗതം! എല്ലാവർക്കും ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.
സസ്നേഹം



. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ
മാനേജിംഗ് എഡിറ്റർ
(മുൻ ഡെപ്യൂട്ടി ജനറൽ സെക്രട്ടറി കോട്ടയം)

# വിരമിക്കുന്നവർ

1. ഗീതാ.ജി. ചീഫ് അസോസിയേറ്റ് ആലപ്പുഴ-വാടക്കനാൽ ശാഖ
2. രാധാമണിയമ്മ പി. ജി ചെന്നിത്തല ശാഖ ആലപ്പുഴ
3. ബാലചന്ദ്രൻ കെ സീനിയർ അസ്സോസിയേറ്റ് (സിഎസ്എസ്) ഹരിപ്പാട്, ആലപ്പുഴ
4. ജയശ്രീ.സി. ജി. ചീഫ് മാനേജർ കൊമേഴ്സ്യൽ ശാഖ എറണാകുളം
5. സുരേഷ് സി. ജി. ഇയാട്ടിൽ ജംഗ്ഷൻ ബ്രാഞ്ച് , എറണാകുളം
6. ജോർജ് പള്ളിപ്പറമ്പിൽ പൈലി അസോസിയേറ്റ് (സിഎസ്എസ്) കൂത്താട്ടുകുളം
7. മോളി ബാബു, ചീഫ് അസോസിയേറ്റ് കൂത്താട്ടുകുളം, എറണാകുളം
8. കുമാരി സി.എ,, ചീഫ് അസോസിയേറ്റ്,, കുറുപ്പംപടി, എറണാകുളം
9. മുഹമ്മദ് സലിം ചക്കാലത്തോപ്പിൽ ചീഫ് മാനേജർ എൽസിപിസി എറണാകുളം
10. ജഹാൻ സിഎ, മാനേജർ മാറാടി,, എറണാകുളം
11. സാജു എബ്രഹാം, ചീഫ് അസോസിയേറ്റ്, പിറവം എറണാകുളം
12. രാജൻ പി.പി, ഹെഡ് മെസഞ്ചർ, റാസ്മെക്ക് ആലുവ, എറണാകുളം
13. ജോ ടി.ജെ ഉദ്യോഗമണ്ഡലം എറണാകുളം
14. വർഗീസ് പി.ജോസഫ്, കുമിളി, ഇടുക്കി
15. സണ്ണി വർഗീസ്, മൂന്നാർ, ഇടുക്കി
16. ഐസക്ക്.ഒ.ജെ. തൊടുപുഴ ടൗൺ, ഇടുക്കി
17. വിനോദ്കൃഷ്ണൻ ജി അസിസ്റ്റന്റ് ജനറൽ മാനേജർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, കൊല്ലം
18. ജയ. എൻ, ചീഫ് അസോസിയേറ്റ്, കൊല്ലം ആനന്ദവല്ലീശ്വരം, കൊല്ലം
19. സുരേഷ്ബാബു.ജി. (സുരേഷ്ബാബു ഗോവിന്ദപ്പിള്ള) സീനിയർ അസോസിയേറ്റ് (സിഎസ്. എസ്) പായിപ്പാട്, കോട്ടയം
20. ശ്രീനിവാസൻ പാമ്പള്ളിയിൽ ചീഫ് മാനേജർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, കോഴിക്കോട്
21. സൗമിനി. സി. അസി. മാനേജർ കൊടുവള്ളി പാലക്കു റ്റി
22. ജയന്തി. സി. പി ചീഫ് അസോസിയേറ്റ് (CSS) മീഞ്ചന്ത, കോഴിക്കോട്
23. മീന.കെ.കെ.,. നടുവട്ടം, ബേപ്പൂർ, കോഴിക്കോട്
24. ചന്ദ്രിക എം. അസോസിയേറ്റ്(CSS) തിരുവമ്പാടി കോഴിക്കോട്
25. ഗീതാ.പി. ചീഫ് അസോസിയേറ്റ്, അരീക്കോട്, മലപ്പുറം
26. ജനാർദനൻ കെ സ്പെഷ്യൽ അസോസിയേറ്റ് ചെട്ടിപ്പാടി, മലപ്പുറം
27. വേലായുധൻ പി, അസോസിയേറ്റ്(സിഎസ്എസ്) പരപ്പനങ്ങാടി
28. സുരേന്ദ്രൻ. ടി.കെ. സീനിയർ അസ്സോസിയേറ്റ് (സിഎസ്എസ്) കൊപ്പം, പാലക്കാട്
29. മധുസൂദനൻ പിള്ള. എസ്. സീനിയർ അസോസിയേറ്റ് (സിഎസ്എസ്) അടൂർ , പത്തനംതിട്ട
30. പൊന്നമ്മ സി. ജി., കൊടുമൺ, പത്തനംതിട്ട
31. ജെയിംസ് പി.വി, പത്തനംതിട്ട
32. തോമസ്കുട്ടി മണലിത്തറ കുര്യാക്കോസ് ചീഫ് മാനേജർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, തിരുവനന്തപുരം
33. രാധാകൃഷ്ണൻ നായർ അപ്പുക്കുട്ടൻ,സീനിയർ ഹെഡ് മെസ്സഞ്ജർ, CAC തിരുവനന്തപുരം
34. ലെനി വർഗീസ്, അസിസ്റ്റന്റ് ജനറൽ മാനേജർ, സെന്ട്രൽ പെൻഷൻ പ്രോസെസ്സിങ്ങ് സെൽ തിരുവനന്തപുരം
35. അജിത് കുമാർ വാസുദേവൻ നായർ, അസിസ്റ്റന്റ് ജനറൽ മാനേജർ ലോക്കൽ ഹെഡ് ഓഫീസ്, കേരളം, തിരുവനന്തപുരം
36. പത്മജൻ തടത്തിൽ കാളിയമ്പത്ത് അസി ജനറൽ മാനേജർ, ലോക്കൽ ഹെഡ് ഓഫീസ്, കേരളം, തിരുവനന്തപുരം
37. ദിലീപ് കുമാർ.എ. ചീഫ് മാനേജർ ലോക്കൽ ഹെഡ് ഓഫീസ്, കേരളം, തിരുവനന്തപുരം
38. സീത ലക്ഷ്മി എ. ഡെപ്യൂട്ടി മാനേജർ, ലോക്കൽ ഹെഡ് ഓഫീസ്, കേരളം, തിരുവനന്തപുരം
39. ജെസ്സി തോമസ് ചീഫ് മാനേജർ ലോക്കൽ ഹെഡ് ഓഫീസ്, കേരളം, തിരുവനന്തപുരം
40. ഷെറിൻ മജീദ് , സ്പെഷ്യൽ അസോസിയേറ്റ് , പേട്ട, തിരുവനന്തപുരം.

41. സുബ്രഹ്മണ്യ പിള്ള. കെ. ഡെപ്യൂട്ടി മാനേജർ, ആർ.എ.സി.പി.സി. തിരുവനന്തപുരം.
42. സരള തങ്കമ്മ, ഹെഡ് മെസ്സഞ്ജർ, തിരുവനന്തപുരം.
43. വിജയലക്ഷ്മി കവിക്കൽ, ഡെപ്യൂട്ടി മാനേജർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് തൃശൂർ
44. ഗീത പി.എൻ, ഇരിങ്ങാലക്സുഡ ടൗൺ, തൃശൂർ
45. മനോഹരൻ കെ.എൻ,, സീനിയർ അസ്സോസിയേറ്റ് (സിഎസ്എസ്) കേരള പോലീസ് അക്കാദമി, തൃശൂർ
46. ജീന അന്തിക്കാട്ട് വിശ്വനാഥൻ, ചീഫ് അസ്സോസിയേറ്റ്, എൻ.ആർ.ഐ ശാഖ, തൃശൂർ
47. വത്സല എം. ആർ, ചീഫ് അസ്സോസിയേറ്റ്, പി ബി.ശാഖ റൗണ്ട്, സൗത്ത്, തൃശൂർ
48. കൃഷ്ണകുമാർ മാടമ്പത്ത്, ചീഫ് മാനേജർ, ആർ.ബി. ഓ.2, തൃശൂർ
49. നെൽസൺ തോമസ് പി , മാനേജർ, റാസ്മെക്ക് തൃശൂർ
50. മായ മുട്ടത്തിൽ ശിവറാം, ചീഫ് അസ്സോസിയേറ്റ്, ശക്തൻ നഗർ ശാഖ, തൃശൂർ
51. ലോറൻസ് പി.എൽ, തൃശൂർ ശാഖ
52. ഗോവിന്ദൻ കെ.വി, കൽപ്പറ്റ ശാഖ, വയനാട്
53. എംപി സൈദലവി, മാനന്തവാടി, വയനാട്

# യാത്രയയപ്പ്

എല്ലാവരുടേയും ഫോട്ടോകൾ സമാഹരിക്കാൻ കഴിയാത്തതിൽ ഖേദിക്കുന്നു. ലഭ്യമായവ ഇതോടൊപ്പം ചേർക്കുന്നു.

## ജോർജ്ജ് .പി.പി.



ജോർജ്ജ് .പി.പി

18 വർഷവും 5 മാസവും 17 ദിവസവും ദീർഘിച്ച കളങ്കരഹിതമായ സമർപ്പിത സേവൻത്തിന് ശേഷം കൂത്താട്ടുകുളം ശാഖയിൽ സീനിയർ അസ്സോസിയേറ്റ് പദവിയിൽ നിന്നും 2024 ഏപ്രിൽ മാസം 30–ാം തിയതി വിരമിക്കുന്ന ജോർജ്ജ് .പി.പി.

2005 നവംബറിൽ കോതമംഗലം മെയിൻ ബ്രാഞ്ചിൽ ആംഡ് ഗാർഡായി സ്റ്റേറ്റ് ബാങ്ക് ഇന്ത്യയുമായുള്ള അദ്ദേഹത്തിന്റെ യാത്ര ആരംഭിച്ചു. തുടർന്ന് അദ്ദേഹത്തെ മൂവാറ്റുപുഴ അരമന ശാഖയിലേക്ക് മാറ്റി. 2014ൽ കസ്റ്റമർ അസിസ്റ്റന്റായി സ്ഥാനക്കയറ്റം ലഭിച്ച് പെരുമ്പാവൂർ മെയിൻ ബ്രാഞ്ചിലേക്ക് നിയമനം ലഭിച്ചു. തുടർന്ന് പിറവം മെയിൻ ബ്രാഞ്ചിന്റെ തുടക്കത്തിനായി (2021) അദ്ദേഹത്തെ മാറ്റി. തുടർന്ന് കൂത്താട്ടുകുളം ബ്രാഞ്ചിൽ ചേർന്ന് നാളിതുവരെ ഞങ്ങളോടൊപ്പം പ്രവർത്തിച്ചു. വീട്ടിൽ തിരിച്ചെത്തുന്ന അദ്ദേഹത്തിന് ഭാര്യ ലാലി ജോർജും അവരുടെ മക്കളായ അനു പി ജോർജ്ജും (ലണ്ടൻ) അൽക്ക മറിയം ജോർജ്ജും (പ്ലസ് ടു) നല്ല പിന്തുണയുണ്ട്.

അദ്ദേഹത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു. വിശ്രമ ജീവിതം ഭാസുരമായി തീരട്ടെയെന്ന് ആശംസിക്കുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷൻ എറണാകുളം ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്നേഹപൂർവം സ്വാഗതം ചെയ്യുന്നു.

## ജയശ്രീ.സി.ജി.



ജയശ്രീ.സി. ജി.

36വർഷവും 4 മാസവും ദീർഘിച്ച കളങ്കരഹിതമായ സമർപ്പിത സേവൻത്തിന് ശേഷം ചീഫ് മാനേജർ പദവിയിൽ 2024 ഏപ്രിൽ മാസം 30–ാം തിയതി എറണാകുളം കൊമേഴ്സ്യൽ ശാഖയിൽ നിന്നും വിരമിക്കുന്ന ജയശ്രീ.സി. ജി..ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേ യ്ക്ക് സ്നേഹപൂർവം സ്വാഗതം ചെയ്യുന്നു.

## സുരേഷ്.സി.ജി.



സുരേഷ് സി. ജി.

26 വർഷം ദീർഘിച്ച കറപുരളാത്ത, തിളക്കമാർന്ന സേവനത്തിന് ശേഷം സുരേഷ്.സി.ജി. സീനിയർ ഹെഡ് മെസ്സഞ്ജർ പദവിയിൽ ഇയാട്ടിൽ ജംഗ്ഷൻ ബ്രാഞ്ച്,

എറണാകുളം ഓഫീസിൽ നിന്ന് 2024 ഏപ്രിൽ മാസം 30-ാം തിയതി വിരമിക്കുന്നു.

ആരോഗ്യപൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനുമായി ച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്നേഹപൂർവം സ്വാഗതം ചെയ്യുന്നു.

# ജഹാൻ .സി.എ



ജഹാൻ .സിഎ

33 വർഷവും 9 മാസവും ദീർഘിച്ച സ്തുത്യർഹമായ സേവനത്തിന് ശേഷം 2024 ഏപ്രിൽ മാസം 30-ാം തിയതി എറണാകുളം മാറാടി ബ്രാഞ്ചിൽ നിന്നും ബ്രാഞ്ച് മാനേജർ പദവിയിൽ വിരമിച്ച ജഹാൻ .സിഎ..

സമാധാനവും സന്തോഷവും നിറഞ്ഞ, സന്തോഷപൂർണ്ണ മായ രണ്ടാം ഇന്നിംഗ്സ് ആശംസിക്കുന്നു. ഒപ്പം എസ്.ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘട നയിലേയ്ക്ക് സ്നേഹപൂർവം സ്വാഗതം ചെയ്യുന്നു.

# കുമാരി.സി.എ



കുമാരി സി.എ

37 വർഷവും 1 മാസവും ദീർഘിച്ച സ്തുത്യർഹ മായ സേവനത്തിന് ശേഷം 2024 ഏപ്രിൽ മാസം 30-ാം തിയതി കുറുപ്പംപടി ശാഖയിൽ നിന്നും വിരമിച്ച ചീഫ് അസോസിയേറ്റ് കുമാരി സി.എ

1987 മാർച്ച് 10 ന് പെരുമ്പാവൂർ ശാഖയിൽ ബാങ്കിൽ ചേർന്ന അവർ കോലഞ്ചേരി മെയിൻ ബ്രാഞ്ചിൽ സേവനമനു ഷ്ഠിച്ചു. കഴിഞ്ഞ 6 വർഷമായി കുറുപ്പംപടി ശാഖയുടെ അവിഭാജ്യ ഘടകമായിരുന്നു.

സന്തോഷപൂർണ്ണമായ സമാധാനവും സന്തോഷവും നിറഞ്ഞ, രണ്ടാം ഇന്നിംഗ്സ് ആശംസിക്കുന്നു. ഒപ്പം എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷൻ എറണാകുളം ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടന യിലേയ്ക്ക് സ്നേഹപൂർവം സ്വാഗതം ചെയ്യുകയും ചെയ്യുന്നു

# മുഹമ്മദ് സലിം.സി.എ.



മുഹമ്മദ് സലിം സി.എ.

38വർഷവും 9 മാസവും ദീർഘിച്ച കറപുരളാത്ത തിളക്കമാർന്ന വിശ്വസ്ത സേവനം പൂർത്തിയാക്കി 2024 ഏപ്രിൽ മാസം 30-ാം തിയതി മുഹമ്മദ് സലിം ചക്കാലത്തോപ്പിൽ എൽസിപിസി എറണാകുളം ശാഖ യിൽ നിന്നും ചീഫ് മാനേജർ ആയി പിരിഞ്ഞു.

അദ്ദേഹത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു. വിശ്രമ ജീവിതം ഭാസുരമായി തീരട്ടെയെന്ന് ആശംസിക്കു ന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസി യേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.

# മോളി ബാബു



മോളി ബാബു

29 വർഷവും 3 മാസവും 4 ദിവസവും ദീർഘിച്ച സ്തുത്യർഹമായ സേവനത്തിന് ശേഷം 2024 ഏപ്രിൽ മാസം 30-ാം തിയതി എറണാകുളം കൂത്താട്ടുകുളം,ശാഖയിൽ നിന്നും സീനിയർ ഹെഡ് മെസ്സഞ്ജർ പദവിയിൽ വിരമിച്ച മോളി ബാബു,

സന്തോഷപൂർണ്ണമായ സമാധാനവും സന്തോഷവും നിറഞ്ഞ, രണ്ടാം ഇന്നിംഗ്സ് ആശംസിക്കുന്നു. ഒപ്പം സംഘടനയിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്യുന്നു

# സാജു എബ്രഹാം



സാജു എബ്രഹാം

38 വർഷവും 7 മാസവും 11 ദിവസവും ദീർഘിച്ച സ്തുത്യർഹമായ സേവനത്തിന് ശേഷം സാജു എബ്രഹാം, , എറണാകുളം പിറവം ബ്രാഞ്ചിൽ നിന്നും 2024 ഏപ്രിൽ മാസം 30-ാം തിയതി ചീഫ് അസോസിയേറ്റ് സ്ഥാനത്ത് നിന്നും വിരമിച്ചു.

അദ്ദേഹത്തിന് ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ, റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.

# ജോ.ടി.ജെ



ജോ.ടി.ജെ

21 വർഷം ദീർഘിച്ച കറപുരളാത്ത, തിളക്കമാർന്ന സേവനത്തിന് ശേഷം ജോ.ടി.ജെ സീനിയർ ഹെഡ് ആംഡ് ഗാർഡ് സ്ഥാനത്ത് നിന്നും 2024 ഏപ്രിൽ മാസം 30-ാം തിയതി വിരമിച്ചു. എറണാകുളം ഉദ്യോഗമണ്ഡൽ ,ശാഖയിൽ നിന്നും വിശ്രമ ജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്ന ജോ.ടി.ജെ.യ്ക്ക് സഹപ്രവർത്തകർ സ്നേഹനിർഭരമായ യാത്രയയപ്പ് നല്കി. . അദ്ദേഹത്തിന് ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ, റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു. സംഘടനയിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്യുന്നു.

# ജെയിംസ്.പി.വി



ജെയിംസ് പി.വി

17 വർഷവും 4 മാസവും ദീർഘിച്ച കറപുരളാത്ത, തിളക്കമാർന്ന സേവനത്തിന് ശേഷം , പത്തനംതിട്ട ഠൗൺ ബ്രഞ്ചിൽ നിന്നും സീനിയർ ഹെഡ് ആംഡ് ഗാർഡ് സ്ഥാനത്ത് നിന്നും 2024 ഏപ്രിൽ മാസം 30-ാം തിയതി വിരമിക്കുന്ന ജെയിംസ് പി.വി വിശ്രമ ജീവിതത്തിൽ എല്ലാവിധ ഐശ്വര്യങ്ങളും ഉണ്ടാവട്ടെയെന്ന് ആശംസിക്കുന്നു. ഒപ്പം പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്യുന്നു.

.

# പൊന്നമ്മ.സി.ജി



പൊന്നമ്മ സി. ജി

35 വർഷത്തെ ധന്യമായ ഔദ്യോഗിക ജീവിതത്തിന് വിരാമമിട്ട് പത്തനംതിട്ട കൊടുമൺ ശാഖയിൽ നിന്നും സീനിയർ ഹെഡ് മെസ്സഞ്ജർ പദവിയിൽ പടിയിറങ്ങുകയാണ് 30. പൊന്നമ്മ സി. ജി.

വിശ്രമജീവിതത്തിൽ എല്ലാവിധ ഐശ്വര്യങ്ങളും ഉണ്ടാവട്ടെയെന്ന് ആശംസിക്കുന്നു. ഒപ്പം പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്യുന്നു.

## മധുസൂദനൻ പിള്ള. എസ്



മധുസൂദനൻ പിള്ള. എസ്

20 വർഷവും 9 മാസവും 9 ദിവസവും ദീർഘിച്ച കറ പുരളാത്ത, തിളക്കമാർന്ന സേവനത്തിന് ശേഷം മധുസൂദനൻ പിള്ള. എസ്. സീനിയർ അസോസിയേറ്റ് (സിഎസ്എസ്) പത്തനംതിട്ട, അടൂർ ശാഖയിൽ നിന്നും 2024 ഏപ്രിൽ മാസം 30-ാം തിയതി വിരമിച്ചു. സമാധാനവും സന്തോഷവും നിറഞ്ഞ, റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ പത്തനംതിട്ട ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സ്നേഹ പൂർവം ക്ഷണിക്കുന്നു.

## സരള. ടി



സരള. ടി

12 വർഷവും 5 മാസവും 27 ദിവസവും ദീർഘിച്ച കറ പുരളാത്ത, തിളക്കമാർന്ന സേവനത്തിന് ശേഷം സരള. ടി, ഹെഡ് മെസ്സഞ്ജർ, തിരുവനന്തപുരം. ശാഖയിൽ നിന്നും 2024 ഏപ്രിൽ മാസം 30-ാം തിയതി വിരമിച്ചു.

വിശ്രമജീവിതത്തിൽ എല്ലാവിധ ഐശ്വര്യങ്ങളും ഉണ്ടാവട്ടെയെന്ന് ആശംസിക്കുന്നു. ഒപ്പം പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്യുന്നു.

## ഷെറിൻ മജീദ്



ഷെറിൻ മജീദ്

37 വർഷം ദീർഘിച്ച കറപുരളാത്ത തിളക്കമാർന്ന വിശ്വസ്ത സേവനം പൂർത്തിയാക്കി 2024 ഏപ്രിൽ മാസം 30-ാം തിയതി ഷെറിൻ മജീദ് , , തിരുവനന്തപുരം, പേട്ട, ശാഖയിൽ നിന്നും സ്പെഷ്യൽ അസോസിയേറ്റ് ആയി പിരിഞ്ഞു. സഹപ്രവർ ത്തകർ സ്നേഹനിർഭരമായ യാത്രയയപ്പ് നല്കി. സന്തോഷപൂർണ്ണമായ രണ്ടാം ഇന്നിംഗ്സ് ആശംസിക്കുന്നു. ഒപ്പം സംഘടനയിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്യുന്നു

## സുബ്രഹ്മണ്യ പിള്ള. കെ



സുബ്രഹ്മണ്യ പിള്ള. കെ

37 വർഷവും 7 മാസവും 11 ദിവസവും പിന്നിട്ട ധന്യമായ ഔദ്യോഗിക ജീവിതത്തിന് വിരാമമിട്ട് ആർ.എ. സി.പി.സി. തിരുവനന്തപുരം ശാഖയിൽ നിന്നും ഡെപ്യൂട്ടി മാനേജർ പദവിയിൽ പടിയിറങ്ങുകയാണ് സുബ്രഹ്മണ്യ പിള്ള. കെ. വിശ്രമ ജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്ന സുബ്രഹ്മണ്യ പിള്ളയ്ക്ക് സന്തോഷപൂർണ്ണമായ ഒരു രണ്ടാം ഇന്നിംഗ്സ് ആശംസിക്കുന്നു. ഒപ്പം സംഘടനയിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്യുന്നു

## രാധാകൃഷ്ണൻ നായർ.എ

രാധാകൃഷ്ണൻ നായർ.എ സീനിയർ ഹെഡ് മെസ്സഞ്ജർ, കാഷ് അഡ്മിനിസ്ട്രേഷൻ സെൽ തിരുവനന്തപുരം ഓഫീസിൽ നിന്നും 2024 ഏപ്രിൽ മാസം 30-ാം തിയതി വിരമിച്ചു.



രാധാകൃഷ്ണൻ നായർ.എ

**29, വർഷവും 10 മാസവും ദീർഘിച്ച ധന്യമായ മികച്ച ഔദ്യോഗിക സേവനത്തിന് ശേഷമാണ അദേഹം വിരമിക്കുന്നത്. സമാധാനവും സന്തോഷവും നിറഞ്ഞ, റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തി ക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.**

# ലെനി വർഗീസ്



ലെനി വർഗീസ്.

**38 വർഷവും 7 മാസവും 11 ദിവസവും ദീർഘിച്ച കറ പുരളാത്ത, തിളക്കമാർന്ന സേവനത്തിന് ശേഷം ഔദ്യോഗിക ജീവിതത്തിന് വിരാമമിട്ട് 2024 ഏപ്രിൽ മാസം 30-ാം തിയതി സെന്റ്രൽ പെൻഷൻ പ്രോസെ സ്സിങ്ങ് സെൽ തിരുവനന്തപുരം ഓഫീസിൽ നിന്നും ലെനി വർഗീസ്, അസിസ്റ്റന്റ് ജനറൽ മാനേജർ., പടിയിറങ്ങുന്നു.**

**സമാധാനവും സന്തോഷവും നിറഞ്ഞ, റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തി ക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.**

# ഗീതാ.ജി.



ഗീതാ.ജി.

**39 വർഷം ദീർഘിച്ച ച്ച കറ പുരളാത്ത, തിളക്കമാർന്ന സേവനത്തിന് ശേഷം ഗീതാ.ജി., ചീഫ് അസോസിയേറ്റ് ആലപ്പുഴ-വാടക്കനാൽ . ശാഖയിൽ നിന്നും 2024 ഏപ്രിൽ മാസം 30-ാം തിയതി വിരമിച്ചു.**

**വിശ്രമജീവിതത്തിൽ എല്ലാവിധ ഐശ്വര്യങ്ങളും ഉണ്ടാ വട്ടെയെന്ന് ആശംസിക്കുന്നു. ഒപ്പം പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സംഘ ടനയിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്യുന്നു.**

# ജെസ്സി തോമസ്



ജെസ്സി തോമസ്

**39 വർഷം ദീർഘിച്ച കറപുരളാത്ത തിളക്കമാർന്ന വിശ്വസ്ത സേവനം പൂർത്തിയാക്കി 2024 ഏപ്രിൽ മാസം 30-ാം തിയതി ജെസ്സി തോമസ് ലോക്കൽ ഹെഡ് ഓഫീസ്, കേരളം, തിരുവനന്തപുരത്ത് നിന്നും ചീഫ് മാനേജർ ആയി പിരിഞ്ഞു. സഹപ്രവർത്തകർ സ്നേഹ നിർഭരമായ യാത്രയയപ്പ് നല്കി. സന്തോഷപൂർണ്ണമായ രണ്ടാം ഇന്നിംഗ്സ് ആശംസിക്കുന്നു. ഒപ്പം സംഘടന യിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്യുന്നു**

# കോട്ടയം അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ ഇഫ്താർ വിരുന്ന്

കോട്ടയം അഡ്മിനിസ്ട്രേറ്റിവ് ഓഫീസ് പരിസരത്ത് 08.04.2024 ന- ബാങ്കിന്റെ ഇഫ്താർ വിരുന്ന് നടത്തി, അതിൽ ഡെപ്യൂട്ടി ജനറൽ മാനേജർ ജെ.ശിവകുമാർ, എല്ലാ റീജിയണൽ മാ നേജർമാരും അസിസ്റ്റന്റ് ജനറൽ മാനേജർ മാരും, മുഴുവൻ ജീവനക്കാരും എ ഒ ഉദ്യോഗസ്ഥരും പങ്കെടുത്തു. എസ്ബിഐ പെൻഷനേഴ്സ് അസ്സോസിയേഷൻ ഭാരവാഹികളേയും ക്ഷണിച്ചു; ഡി.ജി. എസ് ഹെൻറി ജോൺ, എജിഎസ് കെ.പി. രാജശേഖരൻ നായർ, സംസ്ഥാന കമ്മറ്റിയംഗം റൈസ ബീഗം എന്നിവർ പങ്കെടുത്തു.



വിരുന്നിന്റെ ദൃശ്യം

**എല്ലാർക്കും റമദാൻ ആശംസകൾ!**









# ഏലിക്കുട്ടി ജോസഫ്



ഏലിക്കുട്ടി ജോസഫ്

**മുൻ എസ്.ബി.റ്റി. റിട്ട. ഉദ്യോഗസ്ഥ വൈക്കം 'മേരിഗിരി' വീട്ടിൽ (വെട്ടുവഴി) ഒ. വർക്കിയുടെ (Retd. Industries Dept.) ഭാര്യ ഏലിക്കുട്ടി ജോസഫ് (82) നിര്യാതയായി ശവസംസ്കാരം ഏപ്രിൽ 1–ാം തിയതി തിങ്കളാഴ്ച്ച വൈകിട്ട് 4:30 ന് വൈക്കം ലിറ്റിൽ ഫ്ളവർ (നടേൽ) പള്ളിയിൽ. നടത്തി.**

**മക്കൾ: ജോർജ് വിൽസൺ (ഖത്തർ), ജോർജ് റോയ് (എൻജിനീയർ), സോണിയ ജോർജ്, ജോബി ജോർജ് (EY,**

**Infopark).** മരുമക്കൾ: ആനി വിൽസൺ, റെജീന റോയ്, ഷാജി ആനാന്തുരുത്തി, ഡോ. ആൻ ജോബി .

സന്തപ്ത കുടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്കു ചേരുന്ന തോടൊപ്പം പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

# ശിവരാമകൃഷ്ണൻ പി കെ



ശിവരാമകൃഷ്ണൻ പി കെ

ശിവരാമകൃഷ്ണൻ പി കെ (77), (റിട്ട. എസ്ബിഐ ഓഫീസർ) അമ്പാടി, ചെങ്ങളം സൗത്ത് പി ഒ, ഗ്രീൻ പാർക്ക് ഗാർഡന് സമീപം, വായനശാല കവലയ്ക്ക് സമീപം, കോട്ടയം കുമരകം റോഡ്, കോട്ടയം,. തിരുവനന്തപുരത്ത് വച്ച് നിര്യാതനായ വിവരം വ്യസന സമേതം റിപ്പോർട്ട് ചെയ്യുന്നു.. തിരുവനന്തപുരം എസ്ബിഐ റീജിയണൽ ഓഫീസിലെ (ആർബിഒ – 4) ഉദ്യോഗസ്ഥയായ പിഎസ് ദേവിയുടെ പിതാവ് ആണ് . മൃതദേഹം 05.04.2024 രാത്രി മുതൽ കോട്ടയം ചെങ്ങളം സൗത്തിലെ വീട്ടിൽ ദർശനത്തിന് വച്ചശേഷം 06.04.2024 ന- വൈകിട്ട് 4ന് സംസ്കാരം വീട്ടുവളപ്പിൽ നടത്തി. അദ്ദേഹത്തിന്റെ നിര്യാണത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു

**ബാഷ്പാഞ്ജലികൾ!**

# വിലാസിനിയമ്മ

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ് ജില്ലാ പ്രസിഡന്റ് കെ.എൻ. വിശ്വനാഥൻ നായരുടെ ഭാര്യാ മാതാവ് പെരുമ്പാവൂർ: പ്രഭാസദനത്തിൽ വിലാസിനിയമ്മ കെ 89 നിര്യാതയായ വിവരം വ്യസന സമേതം അറിയിക്കുന്നു..

സംസ്കാരം നടത്തി. ഭർത്താവ്: പരേതനായ ദിവാകരൻ നായർ (മഹാത്മ ഹിന്ദി വിദ്യാല യം). മക്കൾ: ഉഷ, ലത, അശോകൻ (റിട്ട. ജിഇഒ, ബ്ലോക്ക് പഞ്ചായത്ത്).



വിലാസിനിയമ്മ

അവരുടെ വേർപാടിൽ എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ കോട്ടയം ജില്ലാ സെന്റർ അനുശോചനം അറിയിക്കുന്നു . ദുഖാർത്തരായ കുടുംബാംങ്ങളുടെ വേദനയിൽ പങ്ക് ചേരുന്നു

# ഏലിക്കുട്ടി വർഗീസ്



ഏലിക്കുട്ടി വർഗീസ്

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം ഡെപ്യൂട്ടി ജനറൽ സെക്രട്ടറിയും ഫെഡറേഷൻ ഓഫ് എസ്ബിഐ പെൻഷണേഴ്സ് അസോസ്സിയേഷൻസ് ദേശീയ നിർവാഹക സമിതി അംഗവുമായ ജോസഫ് പാലക്കലിന്റെ അമ്മ ഏലിക്കുട്ടി വർഗ്ഗീസ് പാലയ്ക്കൽ, 08-4-2024 ന- തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 3.30ന് നിര്യാതയായ വിവരം വ്യസനസമേതം അറിയിക്കുന്നു. 93 വയസ്സായിരുന്നു.



ഏലിക്കുട്ടി വർഗീസ്സിന്റെ ഭവനത്തിലെത്തി ആദരാഞ്ജലികൾ അർപ്പിക്കുന്ന വൈക്കം ഏരിയാക്കമ്മെറ്റി കൺവീനർ പി.പി.ഫിലിപ്പ് ജോയിന്റ് കൺവീനർ ഡി.കെ. രാജഗോപാൽ, ഭരണസമിതിയംഗം എം.ആർ.സ്റ്റാലിൻ എന്നിവർ



ജോസഫ് പാലക്കലിനെ ആശ്വസിപ്പിക്കന്ന വൈക്കം ഏരിയാക്കമ്മെറ്റിയംഗങ്ങൾ

പാലാ പുളിക്കൽ കുടുംബാംഗം. ഭർത്താവ്: പരേതനായ കുര്യൻ വർഗീസ് (കുഞ്ഞച്ചൻ). മക്കൾ: ബാബു, തങ്കച്ചൻ, ജോയി, തോമാച്ചൻ (ജർമനി), ലൈലമ്മ മാത്യു, ജോർജു കുട്ടി (യു.എസ്.എ.), മാത്തച്ചൻ, ജെയിംസ് (യു.എ സ്.എ.), അജിത്ത്. മരുമക്കൾ: ഏലമ്മ കിഴക്കേട ത്ത്, മേർളി തേക്കനി, മേഴ് സി തോട്ടം, ഡോളി എഴുത നവയലിൽ, പരേതനായ മാത്യു പുളിങ്ങാപ്പള്ളി, റോ സ്ലിൻ ചെരിയൻപുറത്ത്, സെലിൻ കുഴികളം, ഇറ്റാലിയ ഇടപ്പാടിയിൽ, ലിറ്റി ഏറത്ത്. സംസ്കാരം 10-4-2024 ന്- ബു ധനാഴ്ച നാലിന് വൈക്കം ടൗൺ നടേൽ പള്ളി സെമി ത്തേരിയിൽ. നടത്തി.



മാതാവിന്റെ അന്ത്യ നിമിഷങ്ങളെക്കുറിച്ച് വികാരഭരിതനായി ജോസഫ് പാലയ്ക്കൽ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു

# മേരിക്കുട്ടി ആന്റണി

റിട്ട.ചീഫ് മാനേജർ എസ്.ബി.ഐ), തൊടുപുഴ ടിസി മോളുടെ മാതാവ് റിട്ട അധ്യാപിക ഒളമറ്റം മേരിക്കുട്ടി ആന്റണി (93) അന്തരിച്ച വിവരം വ്യസന സമേതം റിപ്പോർട്ട് ചെയ്യുന്നു. പരേത കുട്ടനാട് മങ്കൊമ്പ് വാലയിൽ കുടുംബാംഗം.



മേരിക്കുട്ടി ആന്റണി

ഭർത്താവ്: പരേതനായ വെളിയനാട് വാഴയിൽ എസ്.ആൻറണി (റിട്ട.ഹൈസ്കൂൾ അധ്യാപകൻ). മക്കൾ: ടിസി മോൾ (റിട്ട.ചീഫ് മാനേജർ എസ്.ബി.ഐ), ഡോ. ടാജി മോൾ ജോളി (ഗൈനക്കോളജിസ്റ്റ്, ഹോളി ഫാമിലി ഹോസ്പിറ്റൽ, മുതലക്കോടം), ടിജിമോൻ (സോഫ്റ്റ് വേർ എൻജിനീയർ, ബെംഗളൂരു). മരുമക്കൾ: ജോസഫ് ജോൺ മാതിരമ്പുഴ, അതിരമ്പുഴ (മുൻ ജന.സെക്രട്ടറി, എസ്.ബി.ഐ. എംപ്ലോയിസ് അസോസിയേഷൻ, കേരള സർക്കിൾ), ഡോ. ജോളി ജോർജ് പത്തിപ്പറമ്പിൽ എടത്വ (ന്യൂറോ സർജൻ,

മെഡിക്കൽ സൂപ്രണ്ട്, ഹോളി ഫാമിലി ഹോസ്പിറ്റൽ മുതലക്കോടം), തെരേസ റോസ് ജേക്കബ് ബെംഗളൂരു.
സംസ്കാരം 14.04.2024 ഞായറാഴ്ച രാവിലെ 11.30-ന് പൊന്നന്താംനം സെയ്ന്റ് പീറ്റർ ആൻഡ് പോൾസ് പള്ളി പള്ളിയിൽ നടത്തി.



മേരിക്കുട്ടി ആന്റണിക്ക് തൊടുപുഴയിലുള്ള വസതിയിൽ എത്തി എസ്ബിഐ പെൻഷനേഴ്സ അസോസിയേഷൻ സംഘടനാ പ്രതിനിധികൾ ആദരാജ്ജലി അർപ്പിച്ചപ്പോൾ

അവരുടെ വേർപാടിൽ എസ്.ബി.ഐ. പെൻഷണേ ഴ്സ് അസ്സോസിയേഷന്റെ ഹൃദയംഗമമായ അനുശോചനം കുടുംബാംഗങ്ങളെ അറിയിക്കുകയും, അവരുടെ ദുഃഖത്തിൽ പങ്കുചേരുകയും ചെയ്യുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുന്നു


# എം.എസ്.ശാന്തകുമാരി



എം.എസ്.ശാന്തകുമാരി

എ സ്.ബി.ഐ., വണ്ടാനം ബ്രാഞ്ച് മാനേജർ അനിൽ ശരത്തിന്റെ മാതാവ്, കൊടുങ്ങൂർ വാഴൂർ തീർഥപാദ പുരം എൻ.എസ്.എസ്. ഇംഗ്ലീഷ് മീഡിയം സ്കൂളിലെ റിട്ട.സ്റ്റാഫ്, വാഴൂർ തേക്കാനം ഗവ. എൽ.പി. സ്കൂളിന് സമീപം ആരാധന വീട്ടിൽ എം.എസ്.ശാന്തകുമാരി നിര്യാതയായ വിവരം ഖേദപൂർവ്വം അറിയിക്കുന്നു. 70 വയസ്സായിരുന്നു.ഭർത്താവ്: വിശ്വനാഥൻ നായർ. മക്കൾ: അനിൽ ശരത് (ബ്രാഞ്ച് മാനേജർ, എ സ്.ബി.ഐ., വണ്ടാനം), ബാലാദേവി (ടീച്ചർ, അരവിന്ദ വിദ്യാമന്ദിരം, പള്ളിക്കത്തോട്). മരുമക്കൾ: അഞ്ജുരാജ് (ബ്രാഞ്ച് ഹെഡ്, ഫെഡറൽ ബാങ്ക്, തോണിപ്പുഴ), സാജൻ പി.നായർ (ബഹ്റൈൻ).
സംസ്കാരം ശനിയാഴ്ച മൂന്നിന് ആരാധന വീട്ടുവളപ്പിൽ നടത്തി. എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു.

# കെ. എം. ജോൺ



കെ. എം ജോൺ

വിരമിച്ച മുൻ എസ്.ബി.റ്റി. മനേജർ അയ്മനം: കുഴിത്താറ്റിൽ കെ. എം ജോൺ അന്തരിച്ചു. 85 വയസ്സായിരുന്നു. സംസ്കാരം 2024 ഏപ്രിൽ 9–ാം തിയതി 10.30 ന് ഭവനത്തിലെ ശുശ്രൂഷകൾക്ക് ശേഷം കല്ലുങ്കത്ര സെന്റ് ജോർജ് യാക്കോബായ സുറിയാനി പള്ളി സെമിത്തേരിയിൽ നടത്തി.ഭാര്യ: പൊന്നമ്മ ജോൺ (റിട്ട: ടീച്ചർ പരിപ്പ് ഹൈസ്കൂൾ). മക്കൾ: മാജാ കെ ജോൺ, മെയ്ജി കെ ജോൺ, മാത്യൂസ് കെ ജോൺ . മരുമക്കൾ: ഷിബു ജോർജ്, തോമസ് കുരുവിള, ടാനിയ മാണി.

അദ്ദേഹത്തിന്റെ നിര്യാണത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു.

# സൂസമ്മ ജോൺ

എസ്.ബി. ടി. റിട്ട. ചീഫ് മാനേജർ ഇ.കെ. ജോണിന്റെ ഭാര്യ ഏകോണിൽ സൂസമ്മ ജോൺ ((AFM-10684) (89) അന്തരിച്ച വിവരം ഖേദപൂർവം അറിയിക്കുന്നു. 89 വയസ്സായിരുന്നു..

പാമ്പാടി കിഴക്കേക്കര കുടുംബാംഗം. ഭർത്താവ്: എസ്.ബി. ടി. റിട്ട. ചീഫ് മാനേജർ ഇ.കെ. ജോൺ. മക്കൾ: സാബു, ബിജു, ബിനു. മരുമക്കൾ: സൂസൻ, സോണിയ, കവിത. സംസ്കാരം 16.04.202–ാം തിയതി ചൊവ്വാഴ്ച മൂന്നിന് വീട്ടിലെ ശുശ്രൂഷയ്ക്കു ശഷം നട്ടാശ്ശേരി സെന്റ് തോമസ് ഓർത്തഡാക്സ് പള്ളി സെമിത്തേരിയിൽ നടത്തി.



സൂസമ്മ ജോൺ

**എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ യൂണിറ്റ് അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.**

# വി.കെ.അയ്യപ്പൻകുട്ടി



വി.കെ.അയ്യപ്പൻകുട്ടി

**എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ കോട്ടയം ജില്ലാ യൂണിറ്റ് അംഗം മുൻ എസ്.ബി.റ്റി.** റിട്ട. തൃക്കാർത്തിക, ഗാന്ധിനഗർ വി.കെ.സുകുമാരന്റെ **ജ്യേഷ്ഠ സഹോദ രൻ ജില്ലാ ലേബർ ഓഫീസർ കൈപ്പുഴ വെളുത്തേടത്ത് പറമ്പിൽ** വി.കെ.അയ്യപ്പൻ കുട്ടി നിര്യാത നായ വിവരം വ്യസനസമേതം അറിയിക്കുന്നു. **77 വയസ്സായിരുന്നു. ശവസംസ്കാരം 2024 ഏപ്രിൽ 17–ാം തിയതി രാവിലെ 11 മണിക്ക് കൈപ്പുഴയുള്ള വീട്ടുവളപ്പിൽ** നടത്തി. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസിയേഷന്റെ അനുശോചനം **അറിയിക്കുന്നു. പരേതാത്മാവിന് നിത്യ ശാന്തി നേരുകയും ചെയ്യുന്നു**

# മേരിക്കുട്ടി

മുൻ എസ്.ബി.റ്റി. റിട്ട., ഉദ്യോഗസ്ഥ **ത്രേസ്യാമ്മ ചെറിയാന്റെ** മാതാവും **പരേതനായ റിട്ട. എസ്.ബി.ടി** ഉദ്യോഗസ്ഥൻ **ചെറിയാൻ മാത്യുവിന്റെ ഭാര്യാ** മാതാവുമായ **കൊഴുവനാൽ: നരിവേലിൽ മേരിക്കുട്ടി അന്തരിച്ചു.** 100 **വയസ്സായിരുന്നു. ചിറക്കടവ് വെട്ടിക്കാട്ട് കുടുംബാംഗം. ഭർത്താവ്: പരേതനായ ജോസ ഫ്.**



മേരിക്കുട്ടി

മക്കൾ: ഡോ. വി.ജെ.സക്കറിയാസ് (റിട്ട.. പ്രൊഫ. സെയ്ന്റ് ജോസഫ് കോളേജ് ദേവഗിരി), * ഡോ. സെബാസ്റ്റ്യൻ നരിവേലി (റിട്ട. പ്രൊഫ. . സെയ്ന്റ് തോമസ് കോളേജ് പാലാ, അമൽ ജ്യോതി കോളേജ് ഓഫ് എൻജിനിയറിങ്, കാഞ്ഞിരപ്പള്ളി), ജോസഫ് നരിവേലി (യു.എസ്.എ.), ത്രേസ്യാമ്മ ചെറിയാൻ (റിട്ട. എസ്.ബി.ടി.), ചിന്നമ്മ ജോർജ്, മേരി ജെ റോം (റിട്ട. ഹെഡ്മിസ്ട്രസ്, . സെയ്ന്റ് മേരീസ് ഹൈസ്കൂൾ, കാഞ്ഞിരപ്പള്ളി), ലിസമ്മ ഇമ്മാനുവൽ, മോളി രാജു, സണ്ണി ജെറോം (ബെംഗളൂരു).

സംസ്കാരം 18.04.2024 വ്യാഴാഴ്ച മൂന്നിന് കൊഴുവനാൽ . സെയ്ന്റ് ജോൺ നെപുംസിയാൻസ് പള്ളി സെമിത്തേരിയിൽ. നടത്തി. . എസ്ബിഐ പെൻഷനേ ർസ് അസോസിയേഷന്റെ അനുശോചനം കുടുംബാംഗങ്ങളെ അറിയിക്കുന്നു.

# ചെല്ലപ്പൻ.കെ.വി

**എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ യൂണിറ്റ് അംഗം കളത്തിൽ ചെല്ലപ്പൻ. കെ. വി. ( LM - 6620 ) റിട്ട. എസ്.ബി.ഐ അയ്മനം** അന്തരിച്ച വിവരം ഖേദപൂർവം അറിയിക്കുന്നു. **78 വയസ്സായിരുന്നു.**

ഭാര്യ - കെ രാധാമണി കൊല്ലം പ്രായിൽ, മങ്കൊമ്പ്. മക്കൾ: നീത മോൾ കെ .സി , രഞ്ജിത്ത് കുമാർ കെ. സി ( ഹാപ്പി കൺസ്ട്രക്ഷൻ) , പരിപ്പ്. മരുമക്കൾ: രാജേഷ് ( പാറത്തോട്ടിൽ ഇലക്ട്രോണിക്സ് , പാമ്പാടി), ബിബിൽ, കുന്നേൽ അതിരമ്പുഴ. സംസ്കാരം 23.04.2024 ന്ന നാലുമണിക്ക് പരിപ്പിലുള്ള വീട്ടുവളപ്പിൽ നടത്തി. .



ചെല്ലപ്പൻ.കെ.വി
എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ കോട്ടയം സെന്ററിന്റെ അനുശോചനം സന്തപ്ത കുടുംബാംഗങ്ങളെ അറിയിക്കുന്നു, അവരുടെ ദു:ഖത്തിൽ പങ്കുചേരുന്നു.



ചെല്ലപ്പൻ.കെ.വി. ക്ക് അന്ത്യാഞ്ജലി അർപ്പിക്കുന്ന എസ്ബിഐ പെൻഷനേർസ് അസോസിയേഷൻ ഭാരവാഹികൾ

# രാധ.കെ.



രാധ.കെ.

**എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം ജില്ലാ കേന്ദ്രം അംഗം** രാധ.കെ **(L.M.3991)** പുതുവൽ പുത്തൻ വീട്, കാച്ചാണി, **തിരുവനന്തപുരം**–13 **നിര്യാതയായ വിവരം വ്യസനസമേതം അറിയിക്കുന്നു**. **70 വയസ്സായിരുന്നു. ഭർത്താവ്**: **പാപ്പച്ചൻ. സംസ്കാരം 225.04.2024 നു 11 മണിക്ക്** കാച്ചാണിയിലുള്ള വീട്ടുവളപ്പിൽ നടത്തി. . എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ തിരുവനന്തപുരം ജില്ലാ കേന്ദ്രത്തിന്റെ അനുശോചനം സന്തപ്ത കുടുംബാംഗങ്ങളെ അറിയിക്കുന്നു, അവരുടെ ദു:ഖത്തിൽ പങ്കുചേരുന്നു.

# എം.പി.തങ്കമ്മ



റിട്ട. എസി.ബി.ഐ. മാനേജർ, ചാലക്കപ്പാറ ടി.എ.സത്യന്റെ ഭാര്യാ മാതാവ് റിട്ട.തഹസിൽദാർ പാലകര ജയനിലയം എം.പി.തങ്കമ്മ (89) അന്തരിച്ചു. ഭർത്താവ്: പരേതനായ കെ.കൃഷ്ണൻകുട്ടി (റിട്ട. പി.ഡബ്ല്യു.ഡി. സോണൽ സൂപ്രണ്ട്, കെ.പി. എം.എസ്. മുൻ സംസ്ഥാന അസി. സെക്രട്ടറി). മക്കൾ: കെ.രമാദേവി (റിട്ട. ഓഫീസ് സൂപ്രണ്ട്, സെക്രേട്ടറിയറ്റ്), കെ.ജയചന്ദ്രൻ (റിട്ട. എക്സൈസ് പ്രിവന്റീവ് ഓഫീസർ), രേഖ, മരുമക്കൾ: എം.കെ.മോഹനൻ (റിട്ട. കെ.എസ്.ആർ. ടി.സി., ഇൻസ്പെക്ടർ), ഷൈനി മുരിക്കാശ്ശേരി, ടി.എ.സത്യൻ (റിട്ട. എസി.ബി.ഐ. മാ നേജർ, ചാലക്കപ്പാറ)




പ്രശസ്ത ഗായകനും സംഗീത സംവിധായകനുമായ കെ.ജി. ജയൻ (90) അന്തരിച്ചു. കൊച്ചി തൃപ്പൂണിത്തുറയിലെ

വീട്ടിലായിരുന്നു അന്ത്യം. അറുപത് വർഷത്തോളം നീണ്ട സംഗീത ജീവിതത്തില് സിനിമ ഗാനങ്ങൾക്കും ഭക്തി ഗാനങ്ങൾക്കും കെ ജി ജയന് ഈണം പകർന്നു. നടന് മനോജ് കെ ജയന് മകനാണ്.ഇരട്ട സഹോദരനായ കെ ജി വിജയനൊപ്പം ജയവിജയ എന്ന പേരിൽ നിരവധി കച്ചേരികൾ നടത്തിയിരുന്നു.

**അംഗങ്ങളിൽ നിന്നും പ്രസിദ്ധീകരണ യോഗ്യമായ വാർത്തകൾ, രചനകൾ എന്നിവ ക്ഷണിക്കുന്നു.**


## ഉപദേശക സമിതി

**കെ.രാജീവൻ,**
**സംസ്ഥാന പ്രസിഡന്റ്**
**എ.ജയകുമാർ, സംസ്ഥാന സെക്രട്ടറി**

## പത്രാധിപ സമിതി

**രക്ഷാധികാരി**
**ഹെൻറി ജോൺ**
**മാത്യു അടയ്ക്കാമുണ്ടയ്ക്കൽ**
**മാനേജിംഗ് എഡിറ്റർ**
**എം.ജി.രാഘവൻ**

**ചീഫ് എഡിറ്റർ**
**പി.പി.ഫിലിപ്പ്**
**എഡിറ്റർ**
**പത്രാധിപസമിതി അംഗങ്ങൾ**
**കെ. എൻ.വിശ്വനാഥൻ നായർ**
**പി.എം.ജേക്കബ്**
**സി.പി.മാത്യു**
**എം.പി.പുഷ്കരൻ**
**വി.ആർ.ബി**
**രാജൻ ജോർജ്**
**ജോർജ് ജോസഫ്**
**ത്രേസ്യാമ്മ ആന്റണി**
**സണ്ണി ജോസഫ്**
**കെ. കെ.പാപ്പച്ചൻ**


**P.S**: ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന ആശയങ്ങൾ എല്ലാം എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല
ഒരു സൃഷ്ടിയും ഒരിക്കലും പൂർണ്ണമാകുന്നില്ല.കുറവുകൾ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയാലും. അഭിപ്രായങ്ങൾ ക്ഷണിക്കുന്നു.ചീഫ് എഡിറ്റർ



കാശിയിലെ സന്ധ്യ


ShareChat
@ayisha
SHA EDITZ